# സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾ
# (Micro, Small and Medium Enterprises)
# MSMEs

## ബാധകമായ നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും ആനുകൂല്യങ്ങളും

- 2006 ലെ എം.എസ്.എം.ഇ ഡെവലപ്മെന്റ് ആക്റ്റും കേന്ദ്ര വിജ്ഞാപനങ്ങളും
- 2019 ലെകേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019 (2021 ലെ ഭേദഗതികൾ സഹിതം)
- 2020 ലെ  കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ
- മറ്റു പ്രസക്ത നിയമങ്ങളും ചട്ടങ്ങളും

## കൈപ്പുസ്തകം

ഒന്നാം പതിപ്പ്




തയ്യാറാക്കിയത്

സി.എസ്.സന്തോഷ്

# മുഖവുര

*രാജ്യത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ വികസനം ലക്ഷ്യ മിട്ട് 2006 ലാണ് കേന്ദ്ര സർക്കാർ എം.എസ്.എം.ഇ ഡെവലപ്മെന്റ് ആക്റ്റ് നടപ്പാക്കിയത്. നിക്ഷേപ പരിധിയുടെ അടിസ്ഥാനത്തിലാണ് നിർമ്മാണ, സേവന മേഖല കളിൽ പ്രവർത്തിക്കുന്ന എം.എസ്.എം.ഇ കളെ നിർവ്വചിച്ചിരുന്നത്. 1-7-2020 മുതൽ എം.എസ്.എ.ഇ കളെ അവയുടെ നിക്ഷേപത്തിന്റേയും വിറ്റു വരവിന്റേയും അടിസ്ഥാനത്തിലാണ് നിർവ്വചിക്കുന്നത്. എം.എസ്.എം.ഇ കളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ അനേകം വിജ്ഞാപനങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. എം.എസ്. എം.ഇ രജിസ്ട്രേഷൻ എടുക്കുന്ന സ്ഥാപനങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരു കളുടെ വിവിധ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. ഓൺലൈൻ ആയി സ്ഥാപന ങ്ങൾക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഉദ്യോഗ് ആധാർ മെമ്മോറാണ്ടം എന്ന് അറിയപ്പെട്ടിരുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, നിലവിൽ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്ന പേരിലാണ് അറിയപ്പെടുന്നത്.*

*എം.എസ്.എം.ഇ കൾക്ക് ബാധകമായ കേന്ദ്ര നിയമങ്ങൾ, വിജ്ഞാപനങ്ങൾ പുതിയ എം.എസ്.എ.ഇ കൾക്ക് രേഖകളിലും പരിശോധനകളിലും അനുവദനീയ മായ ഇളവുകൾ, എം.എസ്.എം.ഇ ഇതര വ്യവസായങ്ങൾക്ക് വേഗത്തിൽ അനുമതി ലഭിക്കുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപ നങ്ങളുടെ നിയന്ത്രണാധികാരങ്ങൾ, എം.എസ്.എം.ഇ കൾക്കുള്ള പർച്ചേസ് ആനുകൂല്യങ്ങൾ മുതലായ വിഷയങ്ങൾ ഉൾപ്പെടുത്തിയാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നേരിട്ടും അല്ലാതെയും ബാധിക്കുന്ന നിയമങ്ങളിലേയും ചട്ടങ്ങളിലേയും പ്രധാന വ്യവസ്ഥകൾ കൂടി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

*സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളെക്കുറിച്ച് പ്രാഥമികമായ ഒരു ധാരണ നൽകുവാൻ ഈ കൈപ്പുസ്തകം സഹായകരമാകുമെന്ന് കരുതുന്നു.*

*ഇത് ഒരു ഔദ്യോഗിക കൈപ്പുസ്തകം അല്ലാത്തതിനാൽ അസ്സൽ രേഖകൾ പരി ശോധിച്ചതിനുശേഷം മാത്രം പ്രായോഗിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.*

*സ്നേഹാദരങ്ങളോടെ....*

**സി.എസ്.സന്തോഷ്**

തത്തംമംഗലം,
24-07-2022

*സമർപ്പണം*

*ഭൂമിയിലെ സൗഹൃദങ്ങളേയും യാത്രകളേയും സ്നേഹിച്ച്*
*കൊതി തീരുന്നതിനുമുമ്പ് മറ്റൊരു ലോകത്തേക്ക് യാത്രയായ*
*അജയഗോഡ്സൻ സാറിന്.......*

ഉള്ളടക്കം


| അധ്യായം ഖണ്ഡിക നം. | വിഷയം | പേജ് നം. |
|---|---|---|
| I | ആമുഖം | 6 |
| II | മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ്, 2006 | 8 |
| 1 | വ്യവസായ സ്ഥാപനം | 8 |
| 2 | വ്യവസായ സ്ഥാപനങ്ങളുടെ തരം തിരിവ് | 9 |
| 3 | എം.എസ്.എം.ഇ കളുടെ 1-7-2020 മുതൽക്കുള്ള വർഗ്ഗീകരണം | 10 |
| 4 | നിക്ഷേപം കണക്കാക്കൽ | 11 |
| 5 | വിറ്റുവരവ് കണക്കാക്കൽ | 12 |
| 6 | എം.എസ്.എം സംരംഭങ്ങളുടെ മെമ്മോറാണ്ടം | 12 |
| 7 | ഉദ്യോഗ് ആധാർ മെമ്മോറാണ്ടം | 13 |
| 8 | ഉദ്യോഗ് ആധാറിനു പകരമുള്ള ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് | 13 |
| 9 | ഉദ്യം രജിസ്ട്രേഷൻ നമ്പർ, ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് | 13 |
| 10 | ഉദ്യം രജിസ്ട്രേഷൻ - പ്രധാന നിബന്ധനകൾ | 14 |
| 11 | MSME രജിസ്ട്രേഷന് (ഉദ്യം രജിസ്ട്രേഷൻ) ആവശ്യമായ രേഖകൾ | 15 |
| 12 | ഉദ്യം രജിസ്ട്രേഷന്റെ നേട്ടങ്ങൾ | 15 |
| 13 | ഉദ്യോഗ് ആധാർ-ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർമാരുടെ ചുമതല | 16 |
| 14 | പ്രൊക്യൂർമെന്റ് പ്രിഫറൻസ് പോളിസി | 16 |
| 15 | കേരളത്തിൽ എം.എസ്.എം.ഇ രജിസ്ട്രേഷൻ എടുത്ത സ്ഥാപനങ്ങളുടെ വിവരം | 17 |
| III | കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019 | 18 |
| 1 | കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019 | 18 |
| 2 | 2020-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ(ഭേദഗതി) ആക്റ്റ് | 18 |
| 3 | അംഗീകാരം | 19 |
| 4 | ബ്യൂറോ | 19 |
| 5 | പരിശോധനാ ലിസ്റ്റ് | 19 |
| 6 | ക്ഷമതയുള്ള അധികാര സ്ഥാനം | 19 |

| | | |
|---|---|---|
| 7 | ജില്ലാ ബോർഡ് | 20 |
| 8 | ഇതര വ്യവസായ സ്ഥാപനം | 20 |
| 9 | സംസ്ഥാന ബോർഡ് | 21 |
| 10 | വ്യവസായ സ്ഥാപനം | 22 |
| 11 | നോഡൽ ഏജൻസി | 22 |
| 12 | നോഡൽ ഏജൻസിയുടെ അധികാരങ്ങളും ചുമതലകളും | 23 |
| 13 | സ്വയം സാക്ഷ്യപത്രം സമർപ്പിക്കലും കൈപ്പറ്റു സാക്ഷ്യപത്രം അനുവദിക്കലും | 23 |
| 14 | കൈപ്പറ്റു സാക്ഷ്യപത്രത്തിന്റെ പ്രാബല്യം | 24 |
| 15 | ഇതര വ്യവസായങ്ങൾക്കായുള്ള നിക്ഷേപം സുഗമമാക്കൽ ബ്യൂറോയുടെ രൂപീകരണം | 25 |
| 16 | ബ്യൂറോയുടെ അധികാരങ്ങളും ചുമതലകളും | 26 |
| 17 | അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ | 29 |
| 18 | ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ മറ്റു ചുമതലകൾ | 30 |
| 19 | അംഗീകാരം റദ്ദാക്കാനുള്ള ബ്യൂറോയുടെ അധികാരങ്ങൾ | 30 |
| 20 | കുറ്റങ്ങളും ശിക്ഷകളും | 31 |
| 21 | മറ്റു നിയമങ്ങളുടെ മേലുള്ള അധിപ്രഭാവം | 31 |
| 22 | അപ്പലേറ്റ് അതോറിറ്റിയും അധികാരങ്ങളും | 32 |
| **IV** | **കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ, 2020** | **33** |
| 1 | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ | 33 |
| 2 | കൈപ്പറ്റു സാക്ഷ്യപത്രം അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ | 33 |
| 3 | സ്വയം സാക്ഷ്യപത്രം സമർപ്പിക്കൽ | 34 |
| 4 | നോഡൽ ഏജൻസിയുടെ പ്രവർത്തനങ്ങൾ | 35 |
| 5 | കൈപ്പറ്റു സാക്ഷ്യപത്രത്തിന്റെ പ്രാബല്യം | 36 |
| 6 | അപ്പലറ്റ് അതോറിറ്റി മുഖേന അപ്പീൽ സമർപ്പിക്കൽ | 36 |
| 7 | ഫോറങ്ങൾ | 36 |
| **V** | **ഈസ് ഓഫ് ഡൂയിംഗ് ബിസിനസും ഏകജാലക സംവിധാനവും K-SWIFT പോർട്ടലും** | **37** |
| 1 | ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് | 37 |
| 2 | ഏകജാലക സംവിധാനവും സംയുക്ത ലൈസൻസും | 37 |
| 3 | KSWIFT പോർട്ടൽ | 39 |

| | | |
|---|---|---|
| **VI** | **വ്യവസായ സ്ഥാപനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണാധികാരവും** | **41** |
| 1 | 2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റും മറ്റു നിയമ ഭേദഗതികളും | 41 |
| 2 | 1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് അനുവദിക്കൽ ചട്ടങ്ങൾ | 42 |
| 3 | 2011 ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ഭേദഗതികൾ | 44 |
| 4 | എം.എസ്.എം.ഇ കളും പരിശോധനകളിൽ നിന്നുള്ള ഒഴിവും | 46 |
| 5 | എം.എസ്.എം.ഇ ഇതര സ്ഥാപനങ്ങളും അംഗീകാരവും | 47 |
| 6 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകുന്ന സ്ഥാപനങ്ങളിലെ കേന്ദ്രീകൃത പരിശോധനാ സംവിധാനം | 48 |
| 7 | നാനോ ഹൗസ് ഹോൾഡുകളെ ലൈസൻസിൽ നിന്നും ഒഴിവാക്കി-ഉത്തരവ് | 55 |
| **VII** | **സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്കുള്ള വിവിധ പർച്ചേസ് ആനുകൂല്യങ്ങൾ** | **56** |
| 1 | എം.എസ്.എം.ഇ കളെ ടെണ്ടർ ഫീ, ഇ.എം.ഡി, പെർഫോമൻസ് സെക്യൂരിറ്റി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി | 56 |
| 2 | പ്രൊക്യുർമെന്റ് പ്രിഫറൻസ് പോളിസിയും എം.എസ്.എം.ഇ യും | 57 |
| 3 | സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾക്കും പ്രാദേശിക എം.എസ്.എം.ഇ കൾക്കുമുള്ള പ്രൈസ് പ്രിഫറൻസും പർച്ചേസ് പ്രിഫറൻസും - സ്റ്റോർസ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ | 58 |
| 4 | എം.എസ്.എം.ഇ വിതരണക്കാരെ രജിസ്റ്റേർഡ് വിതരണക്കാരായി രജിസ്റ്റർ ചെയ്യുന്നത് നിർത്തലാക്കി-ഉത്തരവ് | 60 |
| **VIII** | **എം.എസ്.എം.കളുടെ കെട്ടിടങ്ങളുടെ വസ്തു നികുതിയും** | **61** |
| 1 | ഗ്രാമപഞ്ചായത്ത് പ്രദേശത്തെ എം.എസ്.എം.ഇ കെട്ടിടങ്ങളുടെ വസ്തു നികുതി | 61 |
| 2 | നഗരസഭാ പ്രദേശത്തെ എം.എസ്.എം.ഇ കെട്ടിടങ്ങളുടെ വസ്തു നികുതി | 61 |

# I
# ആമുഖം

ദേശീയ സമ്പദ് വ്യവസ്ഥയിലേക്ക് ഗണ്യമായ സംഭാവന നൽകുന്ന ഒരു മേഖല യാണ് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ (MSMEs). രാജ്യത്തെ ലക്ഷക്കണക്കിനു പേർക്ക് തൊഴിൽ നൽകുന്നതിന് ഈ മേഖലയ്ക്ക് സാധിക്കുന്നു ണ്ട്. നിലവിലുള്ള മത്സരാധിഷ്ഠിത രംഗത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവ സായങ്ങളുടെ വികസനം ഉറപ്പാക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരു കളുടെ പിന്തുണയുണ്ട്. 2006 ലെ എം.എസ്.എം.ഇ ഡെവലപ്മെന്റ് ആക്റ്റ് പ്രകാരം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുക ളിൽ നിന്നുള്ള സബ്സിഡിയും പ്രൈസ്, പർച്ചേസ് പ്രിഫറൻസുകളും ബാങ്കുക ളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള പിന്തുണയും ലഭ്യമാകുന്നുണ്ട്.

കേരളത്തിൽ **ഈസ് ഓഫ് ഡുയിംഗ് ബിസിനസ്** എന്ന ആശയം കാര്യക്ഷമമായി പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി എം.എസ്.എം.ഇ കളുടെ വിവിധ നടപടിക്ര മങ്ങൾ ലഘൂകരിക്കുന്നതിനായി *2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പി ക്കലും സുഗമമാക്കൽ നിയമങ്ങൾ (2018 ലെ 13 & 14 നിയമങ്ങൾ) (The Kerala Investment Promotion And Facilitation Acts (Act 13 & 14 of 2018)* രൂപീകരി ക്കുകയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1994 ലെ കേരള മുനിസിപ്പാ ലിറ്റി നിയമം എന്നിവ ഉൾപ്പെടെയുള്ള വിവിധ നിയമങ്ങളിൽ ഭേദഗതികൾ വരു ത്തുകയുമുണ്ടായി. നിയമ ഭേദഗതികൾക്കനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ചട്ടങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തുകയുണ്ടാ യി. ഇതോടെ, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന ലൈസൻസ് നടപടിക്രമങ്ങളിൽ സാരമായ മാറ്റ ങ്ങളുണ്ടായി.

സംസ്ഥാനത്തെ എം.എസ്.എം.ഇ കളുടെ വികസനം ലക്ഷ്യമിട്ട് *കേരള സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019 (THE KERALA MICRO SMALL AND MEDIUM ENTERPRISES FACILITATION ACT, 2019)* നിലവിൽ വന്നിട്ടുണ്ട്.

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ ചില അംഗീകാരങ്ങളിൽ നിന്നും പരിശോധനകളിൽ നിന്നും മൂന്നു വർഷത്തേക്ക് പ്രസ്തുത വ്യവസായ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനും ഇതര വ്യവസായ സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നതിനും വ്യവസ്ഥ ചെയ്തിട്ടുള്ള ആക്റ്റ് 07-12-2019 നാണ് നിലവിൽ വന്നത്. ഇതര വ്യവസായ സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നതിന് 2021 ൽ ഈ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ പ്രാവർത്തികമാക്കുന്നതിനായി *കേരള സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ, 2020 (THE KERALA MICRO SMALL AND MEDIUM ENTERPRISES FACILITATION RULES, 2020)* പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തിനകത്തെ എം.എസ്.എം.ഇ കൾക്ക് പ്രൈസ് പ്രിഫറൻസും പർച്ചേസ് പ്രിഫറൻസും അനുവദിക്കുന്നതിനായി സ്റ്റോർസ് പർച്ചേസ് മാന്വലിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. എം.എസ്.എം.ഇ കൾക്ക് ടെണ്ടറുകളിൽ പങ്കെടുക്കുന്നതിന് ടെണ്ടർ ഫീ സൗജന്യമാക്കുകയും ഇ.എം.ഡി, പെർഫോമൻസ് സെക്യൂരിറ്റി എന്നിവയിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

എം.എസ്.എം.ഇ കളെക്കുറിച്ച് ഉണ്ടായിരിക്കേണ്ട പ്രാഥമിക ധാരണ ലഭിക്കുന്നതിനായി 2006 ലെ എം.എസ്.എം.ഇ ഡെവലപ്മെന്റ് ആക്റ്റിലെ പ്രധാന വകുപ്പുകളും എം.എസ്.എം.ഇ കളുടെ പുതുക്കിയ നിർവ്വചനവും രജിസ്ട്രേഷൻ നടപടികളും കേരളത്തിലെ എം.എസ്.എം.ഇ കൾക്കും ഇതര വ്യവസായങ്ങൾക്കും വിവിധ നിയമങ്ങളും ചട്ടങ്ങളും പ്രകാരം അനുവദനീയമായ ആനുകൂല്യങ്ങളുടെ വിശദാംശങ്ങളും ഈ കൈപ്പുസ്തത്തിന്റെ വിവിധ അധ്യായങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# II

# മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ്, 2006

# Micro, Small and Medium Enterprises Development Act, 2006

സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ വികസനത്തിനായി പുറപ്പെടുവിച്ച കേന്ദ്ര നിയമത്തിലെ പ്രധാന വകുപ്പുകളും കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങളും താഴെ ചേർക്കുന്നു.

## 1. വ്യവസായ സ്ഥാപനം (Enterprise)

1951 ലെ Industries (Development and Regulation) Act ന്റെ ഒന്നാം പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ളതും, ഏത് പേരിൽ അറിയപ്പെടുന്നതായാലും, ഏതെങ്കിലും വ്യവസായങ്ങളുമായി ബന്ധപ്പെട്ട ചരക്കുകളുടെ **നിർമ്മാണത്തിലോ, ഉത്പാദനത്തിലോ** ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും വ്യാവസായിക സ്ഥാപനം അല്ലെങ്കിൽ ഒരു ബിസിനസ് സ്ഥാപനം അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനം അല്ലെങ്കിൽ ഏതെങ്കിലും **സേവനമോ, സേവനങ്ങളോ** നൽകുന്നതിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനം.

## Enterprise

"Enterprise" means an industrial undertaking or a business concern or any other establishment, by whatever name called, engaged in the manufacture or production of goods, in any manner, pertaining to any industry specified in the First Schedule to the Industries (Development and Regulation) Act, 1951 (55 of 1951) or engaged in providing or rendering of any service or services. *(Section 2(e) of MSMED Act, 2006)*

## 2. വ്യവസായ സ്ഥാപനങ്ങളുടെ തരം തിരിവ് (Classification of Enterprises)

- *Section 7 of MSMED Act, 2006*

താഴെ പറയുന്ന വ്യവസായങ്ങളെ നിക്ഷേപത്തിന്റെ (മുതൽ മുടക്ക്) അടിസ്ഥാനത്തിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളായി തരംതിരിച്ചിട്ടുണ്ട്.

1. 1951 ലെ Industries (Development and Regulation) Act ലെ ഒന്നാം ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള, സാധനങ്ങളുടെ നിർമ്മാണത്തിലോ ഉത്പാദനത്തിലോ ഏർപ്പെട്ടിരിക്കുന്ന (manufacture or production of goods) വ്യവസായങ്ങൾ.
2. പ്രത്യേകമായ പേരോ, സ്വഭാവമോ, ഉപയോഗമോ ഉള്ള അന്തിമ ഉൽപ്പന്നത്തിന്റെ മൂല്യ വർദ്ധനവിനായുള്ള പ്രക്രിയയിൽ പ്ലാന്റും മെഷിനറിയും ഉപയോഗിക്കുന്ന സംരംഭങ്ങൾ (വിജ്ഞാപനം നം. എസ്.ഒ.199(ഇ) തിയതി 16-01-2009 പ്രകാരം കൂട്ടിച്ചേർത്തത്)
3. സേവനങ്ങൾ നൽകുന്ന സംരംഭങ്ങൾ.
4. *എം.എസ്.എം.ഇ പോളിസി ഡിവിഷന്റെ ഓഫീസ് മെമ്മോറാണ്ടം നം. 5/2(2)/2021-E/P&G/Policy തിയതി 2-7-2021 പ്രകാരം ചില്ലറ, മൊത്ത വ്യാപാരങ്ങളെ എം.എസ്.എം.ഇ കളായി പരിഗണിച്ച് ഉദ്യം രജിസ്ട്രേഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വായ്പ ലഭിക്കുന്നതിനുള്ള മുൻഗണനയ്ക്ക് (priority sector lending) മാത്രമായി അത്തരം രജിസ്ട്രേഷൻ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഓഫീസ് മെമ്മോറാണ്ടം നം. 5/2(10)/2021-E/P&G/Policy തിയതി 18-8-2021 പ്രകാരം ചില്ലറ, മൊത്ത വ്യാപാരികൾക്ക് പ്രൊക്യുർമെന്റ് പ്രിഫറൻസ് പോളിസി മുതലായ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുകയില്ല എന്ന് വ്യക്തത വരുത്തിയിട്ടുണ്ട്.*

## 3. സൂക്ഷ്മ, ഇടത്തരം, ചെറുകിട സംരംഭങ്ങളുടെ 1-7-2020 മുതൽക്കുള്ള വർഗ്ഗീകരണം [1]

കേന്ദ്ര എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ 26-06-2020 ലെ S.O.2119(E) നം. വിജ്ഞാപനം പ്രകാരം 1-7-2020 മുതൽ പ്ലാന്റിനും യന്ത്രങ്ങൾക്കും അല്ലെങ്കിൽ ഉപ കരണങ്ങൾക്കും ഉള്ള (plant and machinery or equipment) നിക്ഷേപത്തിന്റേയും (investment) വിറ്റു വരവിന്റേയും (turnover) അടിസ്ഥാനത്തിൽ സൂക്ഷ്മ, ചെറുകി ട, ഇടത്തരം വ്യാവസായിക സ്ഥാപനങ്ങളെ വേർതിരിച്ചിട്ടുണ്ട്. അതിനു മുമ്പ് നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് എം.എസ്.എം ഇകളെ വേർതിരിച്ചി രുന്നത്. *വ്യാവസായിക സ്ഥാപനങ്ങൾ, സേവന സംരംഭങ്ങൾ എന്നിങ്ങനെയുള്ള വേർതിരിവ് 1-7-2020 മുതൽ ഒഴിവാക്കിയിട്ടുണ്ട്.*

എം.എസ്.എം.ഇ കളുടെ പുതുക്കിയ വർഗ്ഗീകരണം താഴെ ചേർക്കുന്നു.

| വ്യവ സായം | നിക്ഷേപം (Investment) | വിറ്റുവരവ് (Turnover) |
|---|---|---|
| സൂക്ഷ്മം | ഒരു കോടി രൂപയിൽ അധികരി ക്കരുത് | 5 കോടി രൂപയിൽ അധികരിക്ക രുത് |
| ചെറുകിട | 10 കോടി രൂപയിൽ അധികരിക്ക രുത് | 50 കോടി രൂപയിൽ അധികരിക്ക രുത് |
| ഇടത്തരം | 50 കോടി രൂപയിൽ അധികരിക്ക രുത് | 250 കോടി രൂപയിൽ അധികരി ക്കരുത് |

---

[1] **എം.എസ്.എം.ഇ കളുടെ 1-7-2020 വരെയുള്ള വർഗ്ഗീകരണം**

| വ്യവ സായം | നിക്ഷേപം | |
|---|---|---|
| | വ്യാവസായിക സ്ഥാപനം- പ്ലാന്റ്, മെഷിനറി | സേവന സംരംഭം- സജ്ജീകരണം |
| സൂക്ഷ്മം | 25 ലക്ഷം രൂപയിൽ കവിയരുത് | 10 ലക്ഷം രൂപയിൽ കവിയരുത് |
| ചെറുകിട | 25 ലക്ഷം രൂപയിൽ കൂടുതലും 5 കോടി രൂപയിൽ കവിയാത്തതും | 10 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ കവിയാത്തതും |
| ഇടത്തരം | 5 കോടി രൂപയിൽ കൂടുതലും 10 കോടി രൂപയിൽ കവിയാത്തതും | 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ കവിയാത്തതും |

(i) a micro enterprise, where the investment in plant and machinery or equipment does not exceed one crore rupees and turnover does not exceed five crore rupees;

(ii) a small enterprise, where the investment in plant and machinery or equipment does not exceed ten crore rupees and turnover does not exceed fifty crore rupees; and

(iii) a medium enterprise, where the investment in plant and machinery or equipment does not exceed fifty crore rupees and turnover does not exceed two hundred and fifty crore rupees.




## 4. നിക്ഷേപം കണക്കാക്കൽ (Calculation of Investment)

- കേന്ദ്ര എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ 26-06-2020 ലെ S.O.2119(E) നം. വിജ്ഞാപനം ഖ. 4

- നിക്ഷേപം കണക്കാക്കുന്നതിനായി മുൻവർഷങ്ങളിൽ ഫയൽ ചെയ്ത ആദായ നികുതി റിട്ടേണുമായി ലിങ്ക് ചെയ്യുന്നതാണ്. ആദായ നികുതി റിട്ടേൺ ഇല്ലാത്ത പുതിയ വ്യവസായങ്ങളുടെ കാര്യത്തിൽ സ്വയം-സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലുള്ള നിക്ഷേപം പരിഗണിക്കുന്നതാണ്.

- സ്ഥാപനം ആദ്യത്തെ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതോടെ ഈ പരിഗണന അവസാനിക്കുന്നതാണ്.

## 5. വിറ്റുവരവ് കണക്കാക്കൽ (Calculation of Turnover)

- കേന്ദ്ര എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ 26-06-2020 ലെ S.O.2119(E) നം. വിജ്ഞാപനം ഖ. 5.

- സാധനങ്ങളുടേയോ, സേവനങ്ങളുടേയോ, രണ്ടിനങ്ങളുടേയോ കയറ്റുമതി, ടേണോവർ കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.
- ടേണോവറിന്റെ വിശദാംശങ്ങൾ ആദായ നികുതി, സി.ജി.എസ്.ടി ആക്റ്റ്, GSTIN എന്നിവയുമായി ബന്ധിപ്പിക്കേണ്ടതാണ്.
- PAN ഇല്ലാത്ത സംരംഭങ്ങളുടെ ടേണോവർ 31-03-2021 വരെ സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതും ആയതിനുശേഷം PAN, GSTIN എന്നിവ നിർബന്ധമായിരിക്കുന്നതുമാണ്.

## 6. എം.എസ്.എം സംരംഭങ്ങളുടെ മെമ്മോറാണ്ടം

- Section 8 of MSMED Act, 2006

സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ ലക്ഷ്യമിടുന്ന ഒരു വ്യക്തി കേന്ദ്ര സർക്കാരോ, സംസ്ഥാന സർക്കാരോ അതത് സംഗതി പോലെ ചുമതലപ്പെടുത്തുന്ന അധികാരി മുമ്പാകെ മെമ്മോറാണ്ടം ഫയൽ ചെയ്യേണ്ടതാണ്.

✓ നിയമത്തിനു കീഴിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുവാൻ സൂക്ഷ്മ, ചെറുകിട, ഇടത്തരം സ്ഥാപനങ്ങൾ നിയമാനുസൃതം രജിസ്റ്റർ ചെയ്യേണ്ടതാണ്.



## 7. ഉദ്യോഗ് ആധാർ മെമ്മോറാണ്ടം

മൈക്രോ, സ്മാൾ, മീഡിയം വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന സംരംഭകർ കേന്ദ്ര സർക്കാരിന്റെ https://udyogaadhaar.gov.in/ എന്ന വെബ്സൈറ്റിൽ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അംഗീകാരമാണ് ഉദ്യോഗ് ആധാർ മെമ്മോറാണ്ടം.

കേന്ദ്ര എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ വിജ്ഞാപനം നം. എസ്.ഒ.2576(ഇ) തിയതി 18-09-2015 പ്രകാരം സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപന ങ്ങൾക്ക് ഓൺലൈൻ ആയി നിശ്ചിത മാതൃകയിൽ ഉദ്യോഗ് ആധാർ മെമ്മോ റാണ്ടം ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സ്വയം സാക്ഷ്യപ്പെടുത്തൽ രീതിയിൽ മെമ്മോറാണ്ടം ഫയൽ ചെയ്യാവുന്നതാണ്. തെളിവ് രേഖകളൊന്നും അപ്‌ലോഡ് ചെയ്യേണ്ടതില്ല.

## 8. ഉദ്യോഗ് ആധാറിനു പകരമുള്ള ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

1-7-2020 മുതൽ സ്ഥാപനങ്ങൾ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർ 'ഉദ്യം രജിസ്ട്രേഷൻ' നടത്തേണ്ടതാണെന്ന് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറ പ്പെടുവിച്ചിട്ടുണ്ട്. ഉദ്യം രജിസ്ട്രേഷൻ നിലവിൽ വന്നുവെങ്കിലും ഉദ്യോഗ് ആധാർ മെമ്മോറാണ്ടത്തിന്റെ കാലാവധി 31-12-2021 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

## 9. ഉദ്യം രജിസ്ട്രേഷൻ നമ്പർ, ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

കേന്ദ്ര എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ 26-06-2020 ലെ S.O.2119(E) നം. വിജ്ഞാ പനം പ്രകാരം സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുവാൻ ലക്ഷ്യമിടുന്ന ഏതൊരു വ്യക്തിയും ഉദ്യം രജിസ്ട്രേഷൻ പോർട്ടൽ (https://udyamregistration.gov.in) മുഖേന ഉദ്യം രജിസ്ട്രേഷൻ നടത്തേണ്ടതാ ണ്.

- യാതൊരു തെളിവു രേഖകളും രജിസ്ട്രേഷൻ സമയത്ത് സമർപ്പിക്കേണ്ടതില്ല.

രജിസ്ട്രേഷൻ സംരംഭത്തിന് (ഉദ്യം) ഒരു **ഉദ്യം രജിസ്ട്രേഷൻ നമ്പർ** അനുവദിക്കുന്നതും രജിസ്ട്രേഷൻ പൂർത്തിയായാൽ **ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്** അനുവദിക്കുന്നതുമാണ്.

## 10. ഉദ്യം രജിസ്ട്രേഷൻ – പ്രധാന നിബന്ധനകൾ

കേന്ദ്ര എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ 26-06-2020 ലെ S.O.2119(E) നം. വിജ്ഞാപനത്തിലെ ഖ. 6, 7 എന്നിവയിൽ രജിസ്ട്രേഷനുള്ള നിബന്ധനകൾ വിവരിച്ചിട്ടുണ്ട്.

- ഉദ്യം രജിസ്ട്രേഷന് ആധാർ നമ്പർ നിർബന്ധമാണ്.
- ഒരു സ്ഥാപനത്തിന് ഒന്നിൽ കൂടുതൽ ഉദ്യം രജിസ്ട്രേഷൻ അനുവദനീയമല്ല.
- തെറ്റായ വിവരം നൽകുന്നവർ MSMED Act, 2006 ലെ വകുപ്പ് 26 പ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയരാകുന്നതാണ്.
- ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ നടത്തിയിട്ടിള്ള നിലവിലുള്ള സംരംഭകർ 1-7-2020 നോ അതിനു ശേഷമോ ഉദ്യം രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്. (കാലാവധി 31-12-2021 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്).
- 30-06-2020 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സ്ഥാപനങ്ങളെ പുതിയ വിജ്ഞാപനപ്രകാരം പുനർ വർഗ്ഗീകരിക്കേണ്ടതാണ്.

- *വിജ്ഞാപനം നം. 2347(E) dated 16.06.2021 പ്രകാരം ഉദ്യോഗ് ആധാർ മെമ്മോറാണ്ടങ്ങളുടെ സാധുതാ കാലാവധി 31-12-2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.*

## 11. MSME രജിസ്ട്രേഷന് (ഉദ്യം രജിസ്ട്രേഷൻ) ആവശ്യമായ രേഖകൾ

ഉദ്യം രജിസ്ട്രേഷൻ എടുക്കുന്നതിനായി സർക്കാർ പോർട്ടലിലേക്ക് (https://udyamregistration.gov.in) യാതൊരു രേഖയും അപ്ലോഡ് ചെയ്യേണ്ടതില്ലെങ്കിലും ഉദ്യം രജിസ്ട്രേഷൻ സമയത്ത് വ്യവസായ സ്ഥാപനത്തെ സംബന്ധിച്ച താഴെ പറയുന്ന രേഖകളുടെ വിശദാംശങ്ങൾ ആവശ്യപ്പെടുന്നതാണ്.

1. *സ്ഥാപനത്തിന്റെ PAN നമ്പർ*
2. *സ്ഥാപനത്തിന്റെ GST നമ്പർ*
3. *സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിന്റെ വിവരം*
4. *കഴിഞ്ഞ രണ്ടു വർഷങ്ങളിലെ സ്ഥാപനത്തിന്റെ വിറ്റുവരവ്*
5. *ബിസിനസ്സിൽ നടത്തിയ നിക്ഷേപത്തിന്റെ പുസ്തക മൂല്യം.*
6. *ബിസിനസ്സിന്റെ വിലാസം*
7. *മുൻ വർഷം ഫയൽ ചെയ്ത ആദായ നികുതി റിട്ടേണിന്റെ തരം.*
8. *കൂട്ടിച്ചേർക്കൽ വരുത്തിയതിന്റെ/ബിസിനസ് ആരംഭിച്ച തിയതി.*
9. *ബിസിനസ് പ്രവർത്തനങ്ങളുടെ സ്വഭാവം.*
10. *സ്ഥാപനത്തിലെ ജോലിക്കാരുടെ (സ്ത്രീ, പുരുഷൻ) എണ്ണം.*

## 12. ഉദ്യം രജിസ്ട്രേഷന്റെ നേട്ടങ്ങൾ

ഉദ്യം രജിസ്ട്രേഷൻ ഉള്ള എം.എസ്.എം.ഇ കൾക്ക് ബാങ്ക് വായ്പകളിൽ ഇളവ്, ബാങ്ക് വായ്പകൾക്ക് ഈട് ഒഴിവാക്കൽ, എം.എസ്.എം.ഇ സമാധാൻ സ്കീം വഴി കിട്ടാക്കടങ്ങൾക്ക് എതിരെയുള്ള പരിരക്ഷ, സർക്കാർ ലൈസൻസുകളും രജിസ്ട്രേഷനുകളും എളുപ്പത്തിൽ ലഭ്യമാക്കൽ, വ്യവസായ വകുപ്പ് നടത്തുന്ന മേളകളിൽ പങ്കെടുക്കുന്നതിന് പരിഗണന, സർക്കാർ ടെണ്ടറുകളിൽ ടെണ്ടർ ഫോറം, ഇ.എം.ഡി, പെർഫോമൻസ് സെക്യൂരിറ്റി എന്നിവയിൽ ഇളവ്, പ്രൈസ്-പർച്ചേസ് പ്രിഫറൻസ് മുതലായ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്.

## 13. ഉദ്യോഗ് ആധാർ-ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർമാരുടെ ചുമതല

- കേന്ദ്ര എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ വിജ്ഞാപനം നം. എസ്.ഒ.85(ഇ) തിയതി 10-01-2017

- ചരക്കുകൾ നിർമ്മിക്കുന്നതോ, സേവനങ്ങൾ നൽകുന്നതോ ആയ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സമർപ്പിച്ച മെമ്മോറാണ്ടത്തിന്മേൽ അന്വേഷണം നടത്തുന്നതിനുള്ള ചുമതല ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർക്ക് വിജ്ഞാപനത്തിലെ ഖണ്ഡിക 15 പ്രകാരം ചുമതല നൽകിയിട്ടുണ്ട്. അന്വേഷണത്തിൽ വൈരുദ്ധ്യങ്ങൾ കണ്ടെത്തിയാൽ നോട്ടീസ് നൽകേണ്ടതും രേഖകൾ ഹാജരാക്കുവാൻ അവസരം നൽകേണ്ടതുമാണ്. കണ്ടെത്തലുകൾക്കനുസരിച്ച് മെമ്മോറാണ്ടം ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

- *ഉദ്യോഗ് ആധാർ മെമ്മോറാണ്ടം രജിസ്ട്രേഷൻ അനുവദിക്കുന്നത് സംരംഭം ആരംഭിച്ചതിനുശേഷമാണ്.*

## 14. പ്രൊക്യൂർമെന്റ് പ്രിഫറൻസ് പോളിസി

സൂക്ഷ്മ, ചെറുകിട വ്യവസായങ്ങളുടെ പ്രോൽസാഹനത്തിനും വികസനത്തിനുമായി മന്ത്രാലയങ്ങളുടേയോ, വകുപ്പുകളുടേയോ, അനുബന്ധ സ്ഥാപനങ്ങളുടേയോ, പൊതുമേഖലാ സ്ഥാപനങ്ങളുടേയോ സമാഹരണത്തിൽ സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾ നിർമ്മിച്ചു നൽകുന്ന സാധനങ്ങൾക്കും സേവനങ്ങൾക്കുമുള്ള മുൻഗണനാ നയങ്ങൾ സംബന്ധിച്ച് കാലകാലങ്ങളിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കേണ്ടതാണെന്ന് MSME ഡെവലപ്മെന്റ് ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. (Section 11 of MSMED Act, 2006)

കേരളത്തിലെ എം.എസ്.എം വ്യവസായ സ്ഥാപനങ്ങളിൽ നിന്നും വാങ്ങലുകൾ നടത്തുന്നതിന് കേരള സർക്കാർ പ്രൈസ് പ്രിഫറൻസ്, പർച്ചേസ് പ്രിഫറൻസ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

*വിശദാംശങ്ങൾ അധ്യായം VI ൽ ഉൾപ്പെടുത്തിയിട്ടു ്.*

## 15. കേരളത്തിൽ എം.എസ്.എം.ഇ രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങളുടെ വിവരം

എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ ഡാഷ് ബോർഡ് പ്രകാരം രാജ്യത്ത് ആകെ 9764531 സ്ഥാപനങ്ങൾ ഉദ്യം രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. ആയതിൽ മൈക്രോ വിഭാഗത്തിൽ 9332029 എണ്ണവും സ്മാൾ വിഭാഗത്തിൽ 394573 എണ്ണവും മീഡിയം വിഭാഗത്തിൽ 37929 എണ്ണവും ഉൾപ്പെടുന്നു.

കേരളത്തിൽ 235894 സ്ഥാപനങ്ങൾ ഉദ്യം രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. ആയതിൽ മൈക്രോ വിഭാഗത്തിൽ 223689 എണ്ണവും സ്മാൾ വിഭാഗത്തിൽ 111291 എണ്ണവും മീഡിയം വിഭാഗത്തിൽ 914 എണ്ണവും ഉൾപ്പെടുന്നു.

| S. No. | District Name | Total Udyam | Micro | Small | Medium |
|---|---|---|---|---|---|
| 1 | ERNAKULAM | 39620 | 36365 | 2952 | 303 |
| 2 | THIRUVANANTHAPURAM | 31479 | 30412 | 992 | 75 |
| 3 | THRISSUR | 24081 | 22782 | 1185 | 114 |
| 4 | KOZHIKODE | 20037 | 19097 | 857 | 83 |
| 5 | PALAKKAD | 17472 | 16692 | 721 | 59 |
| 6 | MALAPPURAM | 17385 | 16565 | 781 | 39 |
| 7 | KANNUR | 15288 | 14668 | 574 | 46 |
| 8 | KOLLAM | 15285 | 14403 | 841 | 41 |
| 9 | ALAPPUZHA | 14573 | 13995 | 550 | 28 |
| 10 | KOTTAYAM | 13737 | 12903 | 769 | 65 |
| 11 | PATHANAMTHIPTA | 7566 | 7254 | 293 | 19 |
| 12 | KASARAGOD | 7142 | 6861 | 266 | 15 |
| 13 | IDUKKI | 6625 | 6296 | 313 | 16 |
| 14 | WAYANAD | 5604 | 5396 | 197 | 11 |
| **Total:-** | | **235894** | **223689** | **11291** | **914** |

*(ഡാറ്റാ സ്രോതസ്സ്: https://dashboard.msme.gov.in )*

# III
# കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019
# THE KERALA MICRO SMALL AND MEDIUM ENTERPRISES FACILITATION ACT, 2019

## 1. കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019 (2019 ലെ 16-ാം ആക്റ്റ്)

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ ചില അംഗീകാരങ്ങളിൽ നിന്നും പരിശോധനകളിൽ നിന്നും പ്രസ്തുത വ്യവസായ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനും **ഇതര വ്യവസായ സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നതിനും**[2] അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനായി പുറപ്പെടുവിക്കപ്പെട്ട ആക്റ്റ്. 07-12-2019 ന് ആക്റ്റ് നിലവിൽ വന്നു.

## 2. 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ(ഭേദഗതി) ആക്റ്റ്

- 2019 ലെ അസ്സൽ ആക്റ്റിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ ചില അംഗീകാരങ്ങളിൽ നിന്നും പരിശോധനകളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥകളാണ് ഉണ്ടായിരുന്നത്.
- **ഇതര വ്യവസായ സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ** കൂടി ഉൾപ്പെടുത്തുന്നതിനാണ് ഭേദഗതി നിയമം പുറപ്പെടുവിച്ചിട്ടുള്ളത്.

---

[2] *2021 ലെ ഭേദഗതി ആക്റ്റ് പ്രകാരം (പ്രാബല്യം 05-10-2020) 'ഇതര വ്യവസായ സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നതിനും' എന്ന വാചകം കൂടി കൂട്ടിച്ചേർത്തു.*

- 2021 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ(ഭേദഗതി) ആക്റ്റിന്റെ പ്രാബല്യത്തിയതി 05-10-2020 ആണ്.

2021 ലെ ഭേദഗതി ആക്റ്റ് പ്രകാരമുള്ള ഭേദഗതികൾ കൂടി ഉൾപ്പെടുത്തിയ പ്രധാന നിയമ വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

**3. അംഗീകാരം (വകുപ്പ് 2(സി))**

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും **ഇതര വ്യവസായ സ്ഥാപനങ്ങളും**[3] സ്ഥാപിക്കുന്നതും പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സംസ്ഥാന നിയമത്തിൻ കീഴിൽ ആവശ്യമായ ലൈസൻസുകളും അനുവാദങ്ങളും അംഗീകാരങ്ങളും ക്ലിയറൻസുകളും രജിസ്ട്രേഷനുകളും അനുമതികളും നിരാക്ഷേപ പത്രങ്ങളും സമാനമായവയും.

**4. ബ്യൂറോ (വകുപ്പ് 2സിഎ)** [4]

വകുപ്പ് 6എ പ്രകാരം രൂപീകരിച്ചിട്ടുള്ള നിക്ഷേപം സുഗമമാക്കൽ ബ്യൂറോ.

**5. പരിശോധനാ ലിസ്റ്റ് (വകുപ്പ് 2സിബി)** [5]

ഇതര വ്യവസായ സ്ഥാപനങ്ങൾ സംയുക്ത അപേക്ഷയോടൊപ്പം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നൽകേണ്ട രേഖകളുടെ ലിസ്റ്റ്.

**6. ക്ഷമതയുള്ള അധികാര സ്ഥാനം (വകുപ്പ് 2(ഡി))**

സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ ആവശ്യമായ അംഗീകാരം നൽകുന്നതിനോ അനുവദിക്കുന്നതിനോ ഉള്ള അധികാരങ്ങളോ ഉത്തരവാദിത്തങ്ങളോ നൽകപ്പെട്ടിട്ടുള്ള, സർക്കാരിന്റെ ഏതെങ്കിലും വകുപ്പോ, ഏജൻസിയോ, സ്റ്റാറ്റ്യൂട്ടറി ബോഡിയോ, സംസ്ഥാനത്തിന്റെ ഉടമസ്ഥതയിലുള്ള കോർപ്പറേഷനോ, തദ്ദേശ സ്വയംഭരണ സ്ഥാപനമോ,

---

[3] *2021 ലെ ഭേദഗതി ആക്റ്റ് പ്രകാരം 'ഇതര വ്യവസായ സ്ഥാപനങ്ങളും' എന്നതു കൂടി ചേർത്തു. (പ്രാബല്യം* 05-10-2020)

[4] *2021 ലെ ഭേദഗതി ആക്റ്റ് പ്രകാരം 'ബ്യൂറോ' എന്നതിന്റെ നിർവ്വചനം കൂട്ടിച്ചേർത്തു. (പ്രാബല്യം* 05-10-2020)

[5] *2021 ലെ ഭേദഗതി ആക്റ്റ് പ്രകാരം 'പരിശോധനാ ലിസ്റ്റ്' എന്നതിന്റെ നിർവ്വചനം ചേർത്തു. (പ്രാബല്യം* 05-10-2020)

നഗരവികസന അതോറിറ്റിയോ ഏതെങ്കിലും സംസ്ഥാന നിയമപ്രകാരമോ അതിനു കീഴിലോ രൂപീകരിക്കപ്പെട്ടതോ സ്ഥാപിക്കപ്പെട്ടതോ സർക്കാരിന്റെ ഭരണപരമായ നിയന്ത്രണത്തിൻകീഴിലുള്ളതോ ആയ മറ്റേതെങ്കിലും അതോറിറ്റിയോ ഏജൻസിയോ എന്നർത്ഥമാകുന്നു.

## 7. ജില്ലാ ബോർഡ് (വകുപ്പ് 2(ഇ))

*1999 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ വകുപ്പ് 4* പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ ബോർഡ്.

**ജില്ലാ ബോർഡ്** ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി നോഡൽ ഏജൻസിയായിരിക്കുന്നതാണ്. (വകുപ്പ് 3)

## 8. ഇതര വ്യവസായ സ്ഥാപനം (വകുപ്പ് 2(ജെഎ)) [6]

- 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റിന്റെ (2000 ലെ 5) (Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999) വകുപ്പ് 2(ഡിഎ)[7] പ്രകാരം നിർവ്വചിച്ചിട്ടുള്ള വ്യവസായ സ്ഥാപനമാണ് ഇതര വ്യവസ്ഥായ സ്ഥാപനം. ഇതിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ (MSMEs) ഉൾപ്പെടുന്നതല്ല.

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റിന്റെ വകുപ്പ് 2(ഡിഎ) പ്രകാരമുള്ള വ്യവസായ സ്ഥാപനം (Enterprise) എന്നതിന്റെ നിർവ്വചനം താഴെ ചേർക്കുന്നു.

---

[6] *2021 ലെ ഭേദഗതി ആക്റ്റ് പ്രകാരം **'ഇതര വ്യവസായ സ്ഥാപനം'** എന്നതിന്റെ നിർവ്വചനം ചേർത്തു. (പ്രാബല്യം 05-10-2020)*

[7] *The Kerala Investment Promotion and Facilitation (No.2) Act, 2018 പ്രകാരമാണ് Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 ൽ വ്യവസായ സ്ഥാപനം(Enterprise) എന്നതിന്റെ നിർവ്വചനം ഉൾപ്പെടുന്ന വകുപ്പ് 2(ഡിഎ) കൂട്ടിച്ചേർത്തിട്ടുള്ളത്.*

## വ്യവസായ സ്ഥാപനം (Enterprise)

ഉത്പാദനമോ, സംസ്കരണമോ നടത്തുകയോ സേവനങ്ങൾ നൽകുകയോ, വ്യാപാരമോ അടിസ്ഥാന സൗകര്യങ്ങൾക്കായി നിക്ഷേപം നടത്തുന്നതുൾപ്പെടെയുള്ള ഏതെങ്കിലും വാണിജ്യപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്ന ഏതെങ്കിലും സംരംഭം അല്ലെങ്കിൽ ഫാക്ടറി അല്ലെങ്കിൽ വർക്ക്ഷോപ്പ് അല്ലെങ്കിൽ പണിശാല അല്ലെങ്കിൽ മറ്റേതെങ്കിലും തൊഴിൽശാല അല്ലെങ്കിൽ വ്യവസായം.

- *എം.എസ്.എം.ഇ കൾ ഒഴികെയുള്ള, മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളെ ഇതര വ്യവസായ സ്ഥാപനങ്ങളായി (Other Enterprises) കരുതാവുന്നതാണ്.*

## Enterprise

***Enterprise*** *means any undertaking or factory or workshop or workplace or any other establishment or industry engaged in manufacturing or processing or providing services or any commercial activities including trade or investment in infrastructure.*

### 9. സംസ്ഥാന ബോർഡ് (വകുപ്പ് 2(എം))

1999 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ വകുപ്പ് 3 പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാന ബോർഡ്.

സംസ്ഥാന ബോർഡ് അപ്പലറ്റ് അതോറിറ്റിയായും പ്രവർത്തിക്കേണ്ടതാണ്. (വകുപ്പ് 12)

**സംസ്ഥാന ബോർഡ്** [8]

സംസ്ഥാന ബോർഡിന്റെ ചെയർമാൻ ചീഫ് സെക്രട്ടറിയും മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി കൺവീനറുമായിരിക്കും. ചെയർമാൻ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും ബോർഡ് യോഗം ചേരേണ്ടതാണ്. ഒട്ടനവധി ഉന്നത ഉദ്യോഗസ്ഥർ ബോർഡിലെ അംഗങ്ങളാണ്.

## 10. വ്യവസായ സ്ഥാപനം (വകുപ്പ് 2(എഫ്, എച്ച്))

വ്യവസായ സ്ഥാപനം എന്നാൽ MSME Development Act, 2006 പ്രകാരം നിർവ്വചിക്കപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനം (MSME) എന്ന് അർത്ഥമാകുന്നു.

## 11. നോഡൽ ഏജൻസി (വകുപ്പ് 3)

2000 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ വകുപ്പ് 4 പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ ബോർഡ് ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി നോഡൽ ഏജൻസിയായിരിക്കുന്നതാണ്.

**ഏകജാലക ക്ലിയറൻസ് ബോർഡ്**
**Single Window Clearance Board** [9]

ഏകജാലക ക്ലിയറൻസ് ബോർഡിന്റെ ചെയർമാൻ ജില്ലാ കളക്ടറും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായിരിക്കും. ചെയർമാൻ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും ബോർഡ് യോഗം ചേരേണ്ടതാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/മുനിസിപ്പാലിറ്റി ചെയർപേഴ്സൻ എന്നിവരും മറ്റനവധി ഉന്നത ഉദ്യോഗസ്ഥരും ബോർഡിലെ അംഗങ്ങളാണ്.

---

[8] *Section 4 of THE KERALA INDUSTRIAL SINGLE WINDOW CLEARANCE BOARDS & INDUSTRIAL TOWNSHIP AREA DEVELOPMENT ACT, 1999*

[9] *Section 4 of THE KERALA INDUSTRIAL SINGLE WINDOW CLEARANCE BOARDS & INDUSTRIAL TOWNSHIP AREA DEVELOPMENT ACT, 1999*

## 12. നോഡൽ ഏജൻസിയുടെ അധികാരങ്ങളും ചുമതലകളും (വകുപ്പ് 4)

സർക്കാരിന്റെ മേൽനോട്ടത്തിനും നിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി:

- ✓ സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സഹായിക്കുകയും അത് സുഗമമാക്കുകയും ചെയ്യുക.
- ✓ സ്വയം സാക്ഷ്യപത്രത്തിന്റേയും കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റേയും രേഖകൾ സൂക്ഷിക്കുക.
- സർക്കാരിന് യുക്തമെന്ന് കരുതുന്ന മറ്റ് അധികാരങ്ങളും ചുമതലകളും നോഡൽ ഏജൻസിയെ ഏൽപ്പിച്ചു നൽകാവുന്നതാണ്.

> ➢ *2020 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങളിലെ (Kerala Micro Small Medium Enterprises Facilitation Rules, 2020) ചട്ടം 4 കൂടി കാണുക.*

## 13. സ്വയം സാക്ഷ്യപത്രം സമർപ്പിക്കലും (Filing of Self Certification) കൈപ്പറ്റു സാക്ഷ്യപത്രം(Acknowledgement Certificate) അനുവദിക്കലും

- കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 'റെഡ് കാറ്റഗറി' വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും നിർണ്ണയിക്കപ്പെടാവുന്ന ഫോറത്തിൽ നോഡൽ ഏജൻസി മുമ്പാകെ ഒരു സ്വയം സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.
- എല്ലാ രീതിയിലും പൂർണ്ണമായ സ്വയം സാക്ഷ്യപത്രം ലഭിച്ചാലുടൻ നിർണ്ണയിക്കപ്പെടാവുന്ന ഫോറത്തിൽ സ്വയം സാക്ഷ്യപത്രം സമർപ്പിച്ച ആൾക്ക് നോഡൽ ഏജൻസി ഒരു കൈപ്പറ്റു സാക്ഷ്യപത്രം (Acknowledgement Certificate) നൽകേണ്ടതാണ്.

- *2020 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങളിലെ ഫോറം-I ൽ സ്വയം സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.*
- *സ്വയം സാക്ഷ്യപത്രം സമർപ്പിക്കുന്നതിനും കൈപ്പറ്റു സാക്ഷ്യപത്രം അനുവദിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ 2020 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങളിലെ ചട്ടം 3 ൽ വിവരിച്ചിട്ടുണ്ട്.*

## 14. കൈപ്പറ്റു സാക്ഷ്യപത്രത്തിന്റെ പ്രാബല്യം (വകുപ്പ് 6)

- ഒരു വ്യവസായ സ്ഥാപനത്തിന് നൽകിയ കൈപ്പറ്റു സാക്ഷ്യപത്രത്തിന്, എല്ലാ ആവശ്യങ്ങൾക്കും, അത് നൽകിയ തിയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ഒരു അംഗീകാരം (വകുപ്പ് 2(സി) പ്രകാരം) എന്ന നിലയിൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.
- മൂന്നു വർഷത്തിനു ശേഷം, അപ്രകാരമുള്ള വ്യവസായ സ്ഥാപനം ആറു മാസത്തിനുള്ളിൽ വകുപ്പ് 2(സി) പ്രകാരമുള്ള അംഗീകാരങ്ങൾ നേടേണ്ടതാണ്.
- മൂന്നു വർഷക്കാലയളവിനുള്ളിൽ, ക്ഷമതയുള്ള അധികാര സ്ഥാനം 2(സി) വകുപ്പ് പ്രകാരമുള്ള ഏതെങ്കിലും അംഗീകാരം നൽകുന്നതിന്റെ ആവശ്യത്തിലേക്കായോ അതുമായി ബന്ധപ്പെട്ടോ ഏതെങ്കിലും പരിശോധന നടത്തുവാൻ പാടുള്ളതല്ല.
- *2008 ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലോ, അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി ഒരു ഭൂമി ഉപയോഗിക്കുന്നതിന്, കൈപ്പറ്റു സാക്ഷ്യപത്രം ഒരാളെ അർഹനാക്കുന്നതല്ല.*
- *2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൻ കീഴിൽ വിജ്ഞാപനം ചെയ്ത പ്രകാരമുള്ള മാസ്റ്റർ പ്ലാനിൽ, അപ്രകാരമുള്ള പ്ലാൻ പ്രാബല്യമുള്ളിടത്ത്,*

*വ്യക്തമാക്കിയിട്ടുള്ള ഭൂവിനിയോഗത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ട് ഒരാളെ പ്രസ്തുത ഭൂമി ഉപയോഗിക്കുന്നതിന് അർഹനാക്കുന്നതല്ല.*

**കുറിപ്പ്:** *കൈപ്പറ്റു സാക്ഷ്യപത്രം കേന്ദ്ര നിയമങ്ങൾ പ്രകാരമുള്ള അനുമതികൾക്ക് ബാധകമല്ലെന്ന് പ്രത്യേകം ഓർമ്മിക്കേണ്ടതാണ്.*

ഉദാ. PCB, FSSAI അനുമതികൾ

*2020 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങളിലെ ചട്ടം 5 കൂടി കാണുക. ചട്ടങ്ങൾ അധ്യായം IV ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

## 15. ഇതര വ്യവസായങ്ങൾക്കായുള്ള നിക്ഷേപം സുഗമമാക്കൽ ബ്യൂറോയുടെ രൂപീകരണം (വകുപ്പ് 6എ) [10]

- സംസ്ഥാനത്ത് ഇതര വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന്, സംസ്ഥാന നിയമങ്ങൾക്കു കീഴിൽ ആവശ്യമായ വിവിധതരം അംഗീകാരങ്ങൾ ലഭിക്കുന്നതിനാവശ്യമായ അപേക്ഷകൾ സമയബന്ധിതമായി തീർപ്പു കൽപ്പിക്കുന്നതിന് സർക്കാർ, വിജ്ഞാപനം വഴി, **നിക്ഷേപം സുഗമമാക്കൽ ബ്യൂറോ** രൂപീകരിക്കേണ്ടതാണ്.

## ബ്യൂറോയിലെ അംഗങ്ങൾ

- വ്യവസായ വകുപ്പിലെ നിക്ഷേപം സുഗമമാക്കലിന്റെ ചുമതലയുള്ള സെക്രട്ടറി

[10] *2021 ലെ ഭേദഗതി ആക്റ്റ് പ്രകാരം വകുപ്പ് 6എ കൂട്ടിച്ചേർത്തു. (പ്രാബല്യം* 05-10-2020)

- മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി
- ഡയറക്ടർ ജനറൽ ഓഫ് ഫയർ ആന്റ് റസ്ക്യു സർവ്വീസസ്
- ചീഫ് ടൗൺ പ്ലാനർ
- ലേബർ കമ്മീഷണർ
- ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് വകുപ്പ്
- ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ
- അഡീഷണൽ ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്
- നഗരകാര്യ ഡയറക്ടർ
- പഞ്ചായത്ത് ഡയറക്ടർ
- വ്യവസായ വാണിജ്യ ഡയറക്ടർ
- ബ്യൂറോയുടെ ചെയർമാന് യുക്തമെന്ന് കരുതുന്ന പ്രകാരം നാമനിർദ്ദേശം ചെയ്യുന്ന വകുപ്പിന്റെ സെക്രട്ടറി അല്ലെങ്കിൽ ഡയറക്ടർ
- വ്യവസായ വകുപ്പിലെ നിക്ഷേപം പ്രോൽസാഹിപ്പിക്കലിന്റെ ചുമതലയുള്ള സെക്രട്ടറി ബ്യൂറോയുടെ ചെയർമാനും കെ.എസ്.ഐ.ഡി.സി യുടെ മാനേജിംഗ് ഡയറക്ടർ കൺവീനറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ആയിരിക്കുന്നതാണ്.
- ചെയർമാൻ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും ബ്യൂറോ യോഗം ചേരേണ്ടതാണ്.
- ബ്യൂറോ, ശാശ്വത പിന്തുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയ ഒരു ഏകാംഗീകൃത നികായം ആയിരിക്കുന്നതാണ്.

## 16. ബ്യൂറോയുടെ അധികാരങ്ങളും ചുമതലകളും (വകുപ്പ് 6ബി) [11]

[11] *2021 ലെ ഭേദഗതി ആക്റ്റ് പ്രകാരം സെക്ഷൻ 6ബി കൂട്ടിച്ചേർത്തു. (പ്രാബല്യം* 05-10-2020)

## ഇതര വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള അംഗീകാരങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കൽ

തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 1999 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാന ബോർഡിനും ജില്ലാ ബോർഡിനും ഭംഗം വരാതെയും സംസ്ഥാനത്ത് ഇതര വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും നിർണ്ണയിക്കപ്പെടാവുന്ന ഫോറത്തിൽ ബ്യൂറോയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ഓൺലൈൻ പോർട്ടൽ മുഖേന അത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ വിവിധ സംസ്ഥാന നിയമങ്ങൾക്കു കീഴിൽ ആവശ്യമായ അംഗീകാരം ലഭിക്കുന്നതിനായി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസും പ്രഖ്യാപനവും സഹിതം ഒരു സംയുക്ത അപേക്ഷ നൽകേണ്ടതാണ്.

- ബ്യറോ, ഇതിലേക്കായി നിർണ്ണയിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചതിനു ശേഷം എല്ലാ രീതിയിലും പൂർണ്ണമായ അപേക്ഷ, പരിശോധനാ ലിസ്റ്റ് സഹിതം ലഭിച്ച് ഏഴു പ്രവൃത്തി ദിവസങ്ങൾക്കം അതിനു യുക്തമെന്ന് തോന്നുന്ന ഏതെങ്കിലും നിബന്ധനകളോടെയോ അല്ലാതെയോ അംഗീകാരം നൽകുന്നിനോ, അപേക്ഷയിന്മേൽ നടപടികൾ സ്വീകരിക്കുന്നതിനാവശ്യമെന്ന് കരുതുന്ന കൂടുതൽ വിശദാംശങ്ങളോ രേഖകളോ ആവശ്യപ്പെടുന്നതിനോ ഉള്ള തീരുമാനമെടുക്കാവുന്നതാണ്.
- ബ്യൂറോയുടെ തീരുമാനം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷകനേയും ബന്ധപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനങ്ങളേയും അറിയിക്കേണ്ടതും പ്രസ്തുത തീരുമാനം ബന്ധപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾ നൽകിയതായി കരുതപ്പെടുന്നതും അപ്രകാരമുള്ള അധികാരസ്ഥാനങ്ങൾക്ക് അപ്രകാരമുള്ള തീരുമാനം ബാധകമായിരിക്കുന്നതുമാണ്.
- അംഗീകാരം ഒരിക്കൽ നൽകി കഴിഞ്ഞാൽ അംഗീകാരം നൽകിയ തിയതി മുതൽ അഞ്ചു വർഷക്കാലയളവിലേക്ക് അതിനു സാധുതയുണ്ടായിരിക്കുന്നതാണ്.

- അംഗീകാരം ലഭിച്ച് ഒരു വർഷത്തിനകം ഓരോ ഇതര വ്യവസായ സ്ഥാപനവും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫോറത്തിൽ ബന്ധപ്പെട്ട ആക്റ്റുകളിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഒരു സാക്ഷ്യപത്രം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്.
- അംഗീകാരം പുതുക്കേണ്ടതുണ്ടെങ്കിൽ അംഗീകാരം അവസാനുക്കുന്നതിന് മുന്നു മാസം മുമ്പ് ആയത് പുതുക്കുന്നതിനുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ഓൺലൈൻ ആയി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകേണ്ടതും നിർണ്ണിയക്കപ്പെടാവുന്ന പ്രകാരം ആയത് പുതുക്കി നൽകേണ്ടതുമാണ്.
- ഒരു വർഷക്കാലയളവിൽ, ക്ഷമതയുള്ള അധികാരസ്ഥാനം വകുപ്പ് 2(സി) പ്രകാരമുള്ള ഏതെങ്കിലും അംഗീകാരം നൽകുന്നതിന്റെ ആവശ്യത്തിലേക്കായോ അതുമായി ബന്ധപ്പെട്ടോ ഏതെങ്കിലും പരിശോധന നടത്തുവാൻ പാടുള്ളതല്ല. എന്നാൽ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള സാക്ഷ്യപത്രത്തിൽ വ്യക്തമാക്കിയിട്ടുള്ള ആക്റ്റുകളിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ച് ക്ഷമതയുള്ള അധികാരസ്ഥാനത്തിന് പരിശോധന നടത്താവുന്നതാണ്.
- ഇതര വ്യവസായ സ്ഥാപനം ആക്റ്റിലേയോ, ചട്ടങ്ങളിലേയോ വ്യവസ്ഥകൾ പാലിക്കുന്നതിനും ഒരു വർഷക്കാലയളവിനുള്ളിൽ സാക്ഷ്യപത്രം സമർപ്പിക്കുവാനും വീഴ്ച വരുത്തുന്നപക്ഷം അപേക്ഷകന്റെ അപേക്ഷയിന്മേലും മതിയായ കാരണങ്ങളിന്മേലും വ്യവസായ സ്ഥാപനത്തിന്റെ സ്വഭാവവും കണക്കിലെടുത്ത് ഒരു വർഷത്തിൽ അധികരിക്കാത്ത കാലയളവിലേക്ക് ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ദീർഘിപ്പിച്ചു നൽകുന്ന കാലയളവിലും വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം, ബ്യൂറോയ്ക്ക് അപേക്ഷകന് നോട്ടീസ് നൽകി മറുപടി പരിഗണിച്ചതിനുശേഷം അംഗീകാരം റദ്ദ് ചെയ്യാവുന്നതാണ്.

- ബ്യൂറോയ്ക്ക് സമർപ്പിക്കേണ്ട അപേക്ഷ, ബ്യൂറോയുടെ നടപടിക്രമങ്ങൾ എന്നിവ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ആകേണ്ടതാണ്. (ഭേദഗതി ചട്ടങ്ങൾ നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല)
- 2008 ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലോ അതിൻ കീഴിലുള്ള ചട്ടങ്ങളിലോ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി ഒരു ഭൂമി ഉപയോഗിക്കുന്നതിന്, അംഗീകാരം ഒരാളെ അർഹനല്ലാതാക്കുന്നതും 2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൻ കീഴിൽ വിജ്ഞാപനം ചെയ്ത പ്രകാരമുള്ള മാസ്റ്റർ പ്ലാനിൽ വ്യക്തമാക്കിയിട്ടുള്ള ഭൂവിനിയോഗത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ട് ഒരാളെ പ്രസ്തുത ഭൂമി ഉപയോഗിക്കുവാൻ അർഹനാക്കുന്നതല്ലാത്തതുമാകുന്നു.

- ബ്യൂറോ ഒരിക്കൽ നൽകിയ അംഗീകാരം ബാങ്കിൽ നിന്നോ ധനകാര്യ സ്ഥാപനത്തിൽ നിന്നോ സാമ്പത്തിക സഹായം നേടുന്നത് ഉൾപ്പെടെയുള്ള ഏത് ആവശ്യങ്ങൾക്കും സാധുവായ രേഖയായി ഉപയോഗിക്കാവുന്നതാണ്.

### 17. അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ (വകുപ്പ് 6സി) [12]

**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 'റെഡ് കാറ്റഗറി' ആയി വിജ്ഞാപനം ചെയ്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾ ഒഴികെയുള്ള** ഇതര വ്യവസായ സ്ഥാപനം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും ഒരു സംയുക്ത അപേക്ഷ അനുബന്ധ പ്രമാണങ്ങളോടുകൂടി നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ, പരിശോധനാ ലിസ്റ്റ് സഹിതം **ഓൺലൈൻ പോർട്ടൽ വഴി** നിർണ്ണയിക്കപ്പെട്ട ഫീസും ഒരു പ്രഖ്യാപനവും സഹിതം ബ്യൂറോയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

1999 ലെ 1999 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാന ബോർഡിന്റെ കൺവീനർ ബ്യൂറോയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരി

[12] *2021 ലെ ഭേദഗതി ആക്റ്റ് പ്രകാരം വകുപ്പ് 6സി കൂട്ടിച്ചേർത്തു. (പ്രാബല്യം* 05-10-2020)

ശോധിക്കുന്നതിനും മറ്റു ചുമതലകൾ നിർവ്വഹിക്കുന്നതിനുമുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പ്രവർത്തിക്കേണ്ടതുമാണ്.

കെ.എസ്.ഐ.ഡി.സി യുടെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെല്ലിലെ ഉദ്യോഗസ്ഥരും ജീവനക്കാരും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ആവശ്യമായ സഹായം നൽകേണ്ടതാണ്.

## 18. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ മറ്റു ചുമതലകൾ

- ബ്യൂറോയുടെ അംഗീകാരം ആവശ്യമായ ഇതര വ്യവസായ സ്ഥാപനങ്ങളുടെ ഏക സമ്പർക്ക ബിന്ദുവായി പ്രവർത്തിക്കുക.
- സംയുക്ത അപേക്ഷ പൂർത്തീകരിക്കുന്നതിലേക്ക് അപേക്ഷകരെ സഹായിക്കുക.
- അപേക്ഷകളും രേഖകളും പരിശോധിക്കുക.
- പൂർണ്ണമായ അപേക്ഷകൾ സ്വീകരിക്കുകയും പൂർണ്ണമല്ലാത്തവയിന്മേൽ അധിക വിവരങ്ങൾ ആരായുകയും ചെയ്യുക.
- ബ്യൂറോയുടെ യോഗ നടപടിക്കുറിപ്പുകൾ സൂക്ഷിക്കുക.
- ബ്യൂറോയുടെ തീരുമാനം അപേക്ഷകനെയും ബന്ധപ്പെട്ട ക്ഷമതയുള്ള അധികാര സ്ഥാനങ്ങളേയും അറിയിക്കുക.

## 19. അംഗീകാരം റദ്ദാക്കാനുള്ള ബ്യൂറോയുടെ അധികാരങ്ങൾ (വകുപ്പ് 6ഡി)[13]

ആക്റ്റിലേയോ ചട്ടങ്ങളിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ഇതര വ്യവസായ സ്ഥാപനം ലംഘിച്ചുവെന്നോ അല്ലെങ്കിൽ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരം വ്യാജമാണെന്നോ കാണുന്നപക്ഷം, ബന്ധപ്പെട്ട ക്ഷമതയുള്ള അധികാര സ്ഥാനത്തിന് അംഗീകാരം റദ്ദു ചെയ്യുവാൻ ബ്യൂറോയോട് ശുപാർശ ചെയ്യാവുന്നതാണ്.

---

13 *2021 ലെ ഭേദഗതി ആക്റ്റ് പ്രകാരം വകുപ്പ് 6ഡി കൂട്ടിച്ചേർത്തു. (പ്രാബല്യം* 05-10-2020)

ബ്യൂറോ, സ്ഥാപനത്തിന് ഒരു നോട്ടീസ് നൽകിയതിനുശേഷവും മറുപടി എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് പരിഗണിച്ചതിനുശേഷവും സ്ഥാപനത്തിന്റെ അംഗീകാരം റദ്ദാക്കാവുന്നതും വകുപ്പ് 8 പ്രകാരമുള്ള പിഴ സ്ഥാപനത്തിനുമേൽ ചുമത്തേണ്ടതുമാകുന്നു.

**20. കുറ്റങ്ങളും ശിക്ഷകളും (വകുപ്പ് 8)**

- സ്വയംസാക്ഷ്യപത്രത്തിലെ ഏതെങ്കിലും നിബന്ധനകളോ ഉപാധികളോ ലംഘിച്ചിട്ടുണ്ടെന്ന് നോഡൽ ഏജൻസി കാണുന്നപക്ഷം, നോട്ടീസ് നൽകിയതിനുശേഷവും മറുപടി ഉണ്ടെങ്കിൽ ആയത് പരിഗണിച്ചതിനുശേഷവും അപ്രകാരമുള്ള വ്യവസായ സ്ഥാപനത്തിനുമേൽ അഞ്ചു ലക്ഷം രൂപയിൽ കവിയാതെയുള്ള തുക പിഴയായി ചുമത്താവുന്നതാണ്.
- ഒരു വ്യവസായ സ്ഥാപനം കുറ്റം ചെയ്തിരിക്കുകയും സ്ഥാപനത്തിലെ ഉടമയുടേയോ മാനേജിംഗ് പാർട്ട്നറുടേയോ ഡയറക്ടറുടേയോ മാനേജരുടേയോ സെക്രട്ടറിയുടേയോ മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റേയോ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ അശ്രദ്ധ നിമിത്തമോ ആണ് പ്രസ്തുത കുറ്റം ചെയ്തിട്ടുള്ളതെന്ന് തെളിയുന്നപക്ഷം, അപ്രകാരമുള്ള വ്യക്തി കുറ്റം ചെയ്തതായി കരുതപ്പെടുന്നതും നടപടി എടുക്കുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയനായിരിക്കുന്നതാണ്.

**21. മറ്റ് നിയമങ്ങളുടെമേലുള്ള അധിപ്രഭാവം (വകുപ്പ് 10)**

ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന് വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

താഴെ പറയുന്ന നിയമങ്ങളിലെ വ്യവസ്ഥകൾ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ഭേദഗതി ചെയ്യപ്പെട്ടതായി വായിക്കേണ്ടതാണ്.

1. *1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്(1994ലെ 13)*
2. *1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്(1994ലെ 20)*
3. *1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ആക്റ്റ് (1960 ലെ 34)*

*4. 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററും ആക്റ്റ് (2013 ലെ 18)*

*5. 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റ് (1955ലെ 16)*

*6. 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റ് (1939ലെ 13)*

## 22. അപ്പലേറ്റ് അതോറിറ്റിയും അധികാരങ്ങളും (വകുപ്പ് 12)

1999 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ വകുപ്പ് 3 പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാന ബോർഡ്, ഈ ആക്റ്റ് പ്രകാരമുള്ള അപ്പലേറ്റ് അതോറിറ്റി ആയിരിക്കുന്നതാണ്.

നോഡൽ ഏജൻസിയുടേയോ (എം.എസ്.എം.ഇ കളുടെ കാര്യത്തിൽ) ബ്യൂറോയുടേയോ [14] (ഇതര വ്യവസായങ്ങളുടെ കാര്യത്തിൽ) തീരുമാനം മൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, തീരുമാനം ലഭിച്ച തിയതി മുതൽ 30 ദിവസങ്ങൾക്കകം അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

മുപ്പതു ദിവസത്തിനകം അപ്പീൽ തീർപ്പാക്കേണ്ടതാണ്.

അപ്പലറ്റ് അതോറിറ്റിക്ക് അതതു സംഗതിപോലെ **നോഡൽ ഏജൻസിയോ ബ്യൂറോയോ** [15] പാസാക്കിയ ഒരു ഉത്തരവ് പരിശോധിക്കാവുന്നതും യുക്തമെന്ന് തോന്നുന്ന ഉത്തരവ് പാസാക്കാവുന്നതും ആയത് അന്തിമമായിരിക്കുന്നതുമാണ്.

2020 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങളിലെ ലെ ചട്ടം 6 പ്രകാരമുള്ള ഫോറം III ൽ അപ്പീൽ സമർപ്പിക്കേണ്ടതാണ്.




[14] *2021 ലെ ഭേദഗതി ആക്റ്റ് പ്രകാരം 'ബ്യൂറോയുടേയോ' എന്ന വാക്കു കൂടി കൂട്ടിച്ചേർത്തു. (പ്രാബല്യം 05-10-2020)*

[15] *2021 ലെ ഭേദഗതി ആക്റ്റ് പ്രകാരം 'ബ്യൂറോയോ' എന്ന വാക്കു കൂടി കൂട്ടിച്ചേർത്തു. (പ്രാബല്യം 05-10-2020)*

# IV

# കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ, 2020

# Kerala Micro Small Medium Enterprises Facilitation Rules, 2020

എസ്.ആർ.ഒ നം. 12/2020 (G.O(P)No.02/2020/ID dated 06-01-2020) പ്രകാരം ചട്ടങ്ങൾ പുറപ്പെടുവിച്ചു. എം.എസ്.എം.ഇ കളുടെ സ്വയം സാക്ഷ്യപത്രം സമർക്കുന്നതിനും കൈപ്പറ്റു സാക്ഷ്യപത്രം അനുവദിക്കുന്നതിനുമുള്ള ചട്ടങ്ങളാണ് നിലവിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രാബല്യ തിയതി: 06-01-2020.

- *ഇതര വ്യവസായങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതി നിയമം 2021 ൽ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഭേദഗതി ചട്ടങ്ങൾ നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല. ഭേദഗതി ചട്ടങ്ങൾ ഉടൻ നിലവിൽ വരുമെന്ന് കരുതാവുന്നതാണ്.*

## 1. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ (ചട്ടം 2ബി)
*Authorized Officer*

ചട്ടങ്ങൾ പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി നോഡൽ ഏജൻസി ചുമതലപ്പെടുത്തുന്ന വ്യക്തി.

## 2. കൈപ്പറ്റു സാക്ഷ്യപത്രം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ (ചട്ടം 3)
*Procedure for Grant of Acknowledgment Certificate*

- കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് റെഡ് കാറ്റഗറി വിഭാഗത്തിൽ ഉൾപ്പെടുത്താത്തവ ഒഴികെയുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വകുപ്പ് 5(3) പ്രകാരമുള്ള കൈപ്പറ്റു സാക്ഷ്യപത്രം (Acknowledgement Certificate) ലഭിക്കുന്നതിനായി നോഡൽ ഏജൻസി മുമ്പാകെ ഫോറം-I ൽ സ്വയം സാക്ഷ്യപത്രം (Self Certification) ഈ ആവശ്യത്തിനായുള്ള വെബ് പോർട്ടലിലൂടെ ഓൺലൈൻ ആയി (KSWIFT)

സമർപ്പിക്കണം. ഓരോ സ്വയം സാക്ഷ്യപത്രത്തോടൊപ്പവും ആകെ പ്രോജക്റ്റ് കോസ്റ്റിന്റെ (ഭൂമിയുടെ മൂല്യം ഒഴികെ) 0.01% നിരക്കിൽ ഫീസ് ആയി ഒടുക്കേണ്ടതാണ്. പ്രത്യേക സാഹചര്യങ്ങളിലും വെബ് പോർട്ടൽ മുഖേന സ്വയം സാക്ഷ്യപത്രം സമർപ്പിക്കുന്നതിനായി സാങ്കേതിക തകരാർ നേരിടുമ്പോളും വ്യവസായ സ്ഥാപനത്തിന് സ്വയം സാക്ഷ്യപത്രം നേരിട്ടും സമർപ്പിക്കാവുന്നതാണ്.

- നോഡൽ ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈൻ ആയോ ഇന്റർനെറ്റ് ബാങ്കിംഗ് മുഖേനയോ NEFT മുഖേനയോ ഡെബിറ്റ് കാർഡ്/ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചോ ഫീസ് ഒടുക്കാവുന്നതാണ്.

- എല്ലാ അർത്ഥത്തിലും പൂർണ്ണമായ സ്വയം സാക്ഷ്യപത്രം ലഭിച്ചാലുടൻ ഫോറം-II ൽ കൈപ്പറ്റു സാക്ഷ്യപത്രം (Acknowledgement Certificate) വെബ് പോർട്ടൽ (KSWIFT) മുഖേന നൽകുന്നതാണ്.
- സ്വയം സാക്ഷ്യപത്രത്തിന്റെ തിയതി, അംഗീകാര സാക്ഷ്യപത്രത്തിന്റെ സാധുതാ കാലയളവ് എന്നിവ അംഗീകാര സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തുന്നതാണ്.

### 3. സ്വയം സാക്ഷ്യപത്രം സമർപ്പിക്കൽ (ചട്ടം 3(4))
*Submission of Self Certification*

താഴെ പറയുന്നവർക്ക് നോഡൽ ഏജൻസി മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

- ഉടമസ്ഥാവകാശമുള്ള വ്യവസായത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ഉടമ.
- പങ്കാളിത്ത വ്യവസായത്തിന്റെ കാര്യത്തിൽ അംഗീകൃത പാർട്നർ.
- കമ്പനിയുടെ കാര്യത്തിൽ ഡയറക്ടർ/പ്രിൻസിപ്പൽ ഓഫീസർ/കമ്പനി ചുമതലപ്പെടുത്തുന്ന വ്യക്തി.
- മറ്റു വിധത്തിലുള്ള സ്ഥാപനങ്ങളുടെ കാര്യത്തിൽ അധികാരപ്പെടുത്തിയ വ്യക്തി.

- ഒന്നിൽ കൂടുതൽ സ്ഥലത്ത് വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്ന വ്യവസായ സ്ഥാപനത്തിന്റെ കാര്യത്തിൽ അത്തരത്തിലുള്ള ഓരോന്നിനും പ്രത്യേകം സ്വയം സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.

## 4. നോഡൽ ഏജൻസിയുടെ പ്രവർത്തനങ്ങൾ (ചട്ടം 4)
### *Functions of the Nodal Agency*

- ആക്റ്റിന്റെ ലക്ഷ്യം നിറവേറ്റുന്നതിനായുള്ള ഏകോപന, നിർവ്വഹണ ഏജൻസിയായി നോഡൽ ഏജൻസി പ്രവർത്തിക്കേണ്ടതാണ്.
- ഇല്ക്ട്രോണിക് വെബ് പോർട്ടലിന് തകരാറു സംഭവിക്കുന്ന പക്ഷം പരിശോധനയ്ക്കും അംഗീകാര സാക്ഷ്യപത്രം നൽകുന്നതിനുമായി ഒന്നോ അതിലധികമോ ഉദ്യോഗസ്ഥരെ നോഡൽ ഏജൻസി നിയമിക്കേണ്ടതാണ്.
- നിയമത്തിനും ചട്ടത്തിനും കീഴിൽ ചെയ്തതോ ഒഴിവാക്കപ്പെട്ടതോ ആയ എന്തെങ്കിലും കാര്യത്തിന്മേലുള്ള വ്യവസായ സ്ഥാപനത്തിന്റെ പരാതികളും അന്വേഷണങ്ങളും നോഡൽ ഏജൻസി സ്വീകരിക്കേണ്ടതും പരിഹരിക്കുകയും ചെയ്യേണ്ടതാണ്.
- ആക്റ്റിന്റെ ആവശ്യത്തിനും സാക്ഷ്യപത്രങ്ങളുടെ സൂക്ഷിപ്പിനുമായി നോഡൽ ഏജൻസി ഇലക്ട്രോണിക് പോർട്ടൽ പരിപാലിക്കേണ്ടതാണ്.
- കൈപ്പറ്റു സാക്ഷ്യപത്രം അനുവദിച്ചാൽ, സ്ഥാപനത്തിന്റെ സ്വയം സാക്ഷ്യപത്രവും കൈപ്പറ്റു സാക്ഷ്യപത്രവും എല്ലാ ക്ഷമതയുള്ള അധികാരികൾക്കും നോഡൽ ഏജൻസി അയച്ചു കൊടുക്കേണ്ടതാണ്.
- വ്യവസായ സ്ഥാപനവും ക്ഷമതയുള്ള അധികാരിയും തമ്മിലുള്ള ഏകോപനത്തിന്റെ ചുമതല നോഡൽ ഏജൻസിക്കായിരിക്കുന്നതാണ്. വ്യവസായ സ്ഥാപനവും ക്ഷമതയുള്ള അധികാരിയും തമ്മിൽ തർക്കമുണ്ടാകുന്ന പക്ഷം നോഡൽ ഏജൻസി തർക്കം പരിഹരിക്കേണ്ടതും ആവശ്യമുള്ളപ്പോൾ സംസ്ഥാന ബോർഡിൽ നിന്നുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതുമാണ്.

## 5. കൈപ്പറ്റു സാക്ഷ്യപത്രത്തിന്റെ പ്രാബല്യം (ചട്ടം 5)
*Effect of Acknowledgement Certificate*

നിയമത്തിന്റെ വകുപ്പ് 5 പ്രകാരം കൈപ്പറ്റു സാക്ഷ്യപത്രത്തിന് മൂന്നു വർഷക്കാലത്തേക്ക് പ്രാബല്യമുണ്ടാകുന്നതാണ്.

## 6. അപ്പലറ്റ് അതോറിറ്റി മുഖേന അപ്പീൽ സമർപ്പിക്കൽ (ചട്ടം 6)
*Procedure for filing appeal before the Appellate Authority*

നിയമത്തിലെ വകുപ്പ് 12(2) പ്രകാരം അപ്പീൽ അധികാരി മുമ്പാകെ സമർപ്പിക്കുന്ന അപ്പീൽ ഫോറം-III ൽ സമർപ്പിക്കേണ്ടതാണ്.

## 7. ഫോറങ്ങൾ

താഴെ പറയുന്ന ഫോറങ്ങളാണ് ചട്ടങ്ങളിൽ നിലവിലുള്ളത്.

1. FORM I - Form of Self Certification
2. FORM II - Acknowledgement Certificate
3. FORM III - Appeal submitted to the Appellate Authority

*കുറിപ്പ്: ഇതര വ്യവസായ സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നതിനായി 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ(ഭേദഗതി) ആക്റ്റ് പുറപ്പെടുവിക്കുകയും അസ്സൽ ആക്റ്റിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്തുകയും ചെയ്തിട്ടുണ്ട്. നിക്ഷേപം സുഗമമാക്കൽ ബ്യൂറോയുടെ നടപടിക്രമങ്ങൾ, ബ്യൂറോയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ട രീതി, ഫീസ് മുതലായവ ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടില്ല. 2020 ലെ കേരള എം.എസ്.എം.ഇ സുഗമമാക്കൽ ചട്ടങ്ങളിൽ ഉടൻതന്നെ ഇതിനാവശ്യമായ ഭേദഗതികൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.*



# V

# ഈസ് ഓഫ് ഡൂയിംഗ് ബിസിനസും (eDOB) ഏകജാലക സംവിധാനവും K-SWIFT പോർട്ടലും

## 1. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്

കേരള സർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ഉദ്യമത്തിന്റെ നോഡൽ ഏജൻസി KSIDC (Kerala State Industrial Development Corporation) ആണ്. നിലവിലുള്ള ക്ലിയറൻസ് നടപടികളുമായി ബന്ധപ്പെട്ട് വിവിധ നിയമങ്ങളിലും ചട്ടങ്ങളിലും മാനദണ്ഡങ്ങളിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള പഠനത്തിന്റെ അടിസ്ഥാനത്തിൽ 2017 ൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി നിയമങ്ങളിൽ ഉൾപ്പെടെ ഭേദഗതികൾ വരുത്തുകയുണ്ടായി. ഇതിനായി 2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ് (2018 ലെ ആക്റ്റ് 13), 2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ്(നം.2) (2018 ലെ ആക്റ്റ് 14) എന്നിവ നിലവിൽ വന്നു. തുടർന്ന്, നിയമഭേദഗതിക്കൾക്കനുസൃതമായി 2017 ൽ വിവിധ ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിക്കപ്പെട്ടു.

## 2. ഏകജാലക സംവിധാനവും (Single Window System) സംയുക്ത ലൈസൻസും (Composite Licence)

എല്ലാ വിധത്തിലുള്ള വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും സംരംഭങ്ങളുടെ വികസനത്തിനും വൈവിദ്ധ്യവത്ക്കരണത്തിനും ആധുനികവ്തക്കരണത്തിനും വേണ്ടിയുള്ള രേഖകൾ പുതുക്കുന്നതിനും ആവശ്യമായ അനുമതികൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുമായി കേരള സർക്കാർ സംസ്ഥാന, ജില്ലാതലങ്ങളിൽ ഏകജാലക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 പ്രകാരം ഇക്കാര്യങ്ങൾ നിയമപരമായ ബാധ്യതയായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആക്റ്റിന് 2019 ൽ ഭേദഗതിയും പുറപ്പെടുവിച്ചിട്ടുണ്ട്. 2021 ലെ ഓർഡിനൻസ് പ്രകാരം പരാതി പരിഹാരം സംവിധാനം നിലവിൽ വന്നു.

15 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾക്ക് ജില്ലാതല ബോർഡും 15 കോടി രൂപയ്ക്കു മുകളിൽ മൂലധനനിക്ഷേപമുള്ള വ്യവസായ ങ്ങൾക്ക് സംസ്ഥാനതല ബോർഡുമാണ് ലൈസൻസ്, ക്ലിയറൻസുകൾ, ക്ലിയ റൻസുകൾ, സാക്ഷ്യപത്രങ്ങൾ എന്നിവയ്ക്കുള്ള അപേക്ഷകൾ കൈകാര്യം ചെയ്യേണ്ടത്. മുപ്പതു ദിവസത്തിനകം സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ലൈസൻസോ അനുമതിയോ നൽകാവുന്നതാണെന്ന് ബന്ധപ്പെട്ട വകുപ്പിന് ശുപാർശ നൽകേണ്ടതാണ്. വിജ്ഞാപനം ചെയ്തിട്ടുള്ള വ്യവസായ മേഖലകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനോ പുതുക്കുന്നതിനോ ആയുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് Industrial Area Single Window Clearance Board ആണ്. ബന്ധപ്പെട്ട വകുപ്പുകളുടെ ശുപാർശ സഹിതം, ചട്ടങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം ബോർഡിന് ഒരു സംയുക്ത അപേക്ഷ (Composite Application) ലഭി ച്ചാൽ സംസ്ഥാനത്ത് ഒരു സംരംഭം സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള ഒരു സംയുക്ത ലൈസൻസ് (Composite Licence) അനുവദിക്കാവുന്നതാണ്. ബന്ധ പ്പെട്ട മറ്റ് അധികാരികളുടെ സമ്മതത്തോടെ അത്തരത്തിൽ അപേക്ഷകന് നൽകുന്ന സംയുക്ത ലൈസൻസിന് അഞ്ചു വർഷം വരെ സാധുതയുണ്ടായിരിക്കു ന്നതാണ്.

പരിശോധന നടത്തുമ്പോൾ അപാകങ്ങൾ കണ്ടെത്തിയാൽ ലൈസൻസ് റദ്ദ് ചെയ്യാവുന്നതും പിഴ ചുമത്താവുന്നതുമാണ്.

അപേക്ഷയും നിശ്ചിത ഫീസും ലഭ്യമായാൽ 7 ദിവസത്തിനകം സംയുക്ത ലൈസൻസ് ഒരു തവണ അഞ്ചു വർഷം വരെ പുതുക്കി നൽകാവുന്നതാണ്.

ബോർഡുകൾക്ക് ഗുണഭോക്താക്കളിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കാവുന്നതാ ണ്.

Kerala Industrial Single Window Clearance Boards and Industrial Township Area Development Rules, 2000 പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ട്. 2021 ലും 2022 ലും ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Rules, 2021 (എസ്.ആർ.ഒ നം. 312/2021/26-3-2021) - അസ്സൽ ചട്ടങ്ങളിലെ 'സംരംഭം (Enterprise)' എന്ന വാക്കിനു പകരം 'വ്യവസായ സ്ഥാപനം (Industrial undertaking)' എന്ന വാക്ക് ചേർത്തു. 2000 ലെ ചട്ടങ്ങളിലെ ചട്ടം 5 പ്രകാരമുള്ള ഫോറത്തിനു പകരം പുതുക്കിയ സംയുക്ത/പൊതുവായ അപേക്ഷാ ഫോറം (ഫോറം-എ) നിലവിൽ വന്നു. മറ്റ് ഫോറങ്ങളും പുതുക്കിയിട്ടുണ്ട്.

Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Rules, 2022 (എസ്.ആർ.ഒ നം. 401/2022/26-4-2022) - സംസ്ഥാന ബോർഡിനെ അതിന്റെ കാര്യ നിർവ്വഹണത്തിന് സഹായിക്കുന്നതിനായി ഒരു സെക്രട്ടേറിയേറ്റ് രൂപീകരിക്കുന്നതിനും സംസ്ഥാനത്തെ സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി 2000 ലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തി.

പരാതികൾ നൽകുന്നതിനുള്ള അപേക്ഷ(ഫോറം ജെ) ഉൾപ്പെടുത്തി. ജില്ലാ പരാതി പരിഹാര കമ്മിറ്റിയുടെ ഓഫീസ് അതാത് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ആയിരിക്കുന്നതാണ്. (ജില്ലാ കളക്ടർ - ചെയർമാൻ, ഡി.ഐ.സി ജനറൽ മാനേജർ - കൺവീനർ).

കൺവീനർക്കാണ് പരാതി നൽകേണ്ടത്.

## 3. KSWIFT പോർട്ടൽ
## Single Window Interface for Fast & Transparent Clearance

http://www.kswift.kerala.gov.in

1999 ലെ കേരള സിംഗിൾ വിൻഡോ നിയമത്തിന് അനുസൃതമായി വിവിധ വകുപ്പുകളിൽ/ഏജൻസികളിൽ നിന്നുള്ള ക്ലിയറൻസ് വേഗത്തിലാക്കുവാൻ വേണ്ടിയുള്ള ഓൺലൈൻ സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനമാണ് KSWIFT. നിശ്ചിത സമയപരിധിക്കുള്ളിൽ അനുമതികൾ ലഭിക്കുന്നതിനുള്ള പൊതു അപേക്ഷാ

ഫോറം, തുക ഒടുക്കുന്നതിനുള്ള സംവിധാനം മുതലായ സൗകര്യങ്ങൾ പോർട്ടലിൽ ഉണ്ട്. നടപടിക്രമങ്ങളുടെ കാലതാമസം ഒഴിവാക്കുന്നതിനായാണ് ഈ സംവിധാനം കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. നിലവിൽ പതിനാലോളം വകുപ്പുകളെ/ഏജൻസികളെ ഈ സംവിധാനം വഴി ബന്ധിപ്പിച്ചിട്ടുണ്ട്.

പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക ഫീസ് ഒടുക്കേണ്ടതില്ല.

- MSME കളുടെ സ്വയം സാക്ഷ്യപത്രം (Self Certification) KSWIFT മുഖേന സമർപ്പിക്കാവുന്നതാണ്. ആയതിനുശേഷം നിശ്ചിത ഫീസ് (fee calculated at the rate of 0.01% of the total project cost (excluding the value of land)) ഓൺലൈൻ ആയി KSWIFT ലൂടെ ഒടുക്കേണ്ടതാണ്.
- QR കോഡ് സഹിതമുള്ള കമ്പ്യൂട്ടർ കൈപ്പറ്റു സാക്ഷ്യപത്രം (Acknowledgement Certificate) ലഭ്യമാകുന്നതാണ്. വ്യവസായിക്ക് പെട്ടെന്നുതന്നെ സാക്ഷ്യപത്രം ഡൗൺലോഡ് ചെയ്യാവുന്നതാണ്.

State wise Top 10 Udyam Registrations



# VI

# വ്യവസായ സ്ഥാപനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണാധികാരവും

## 1. 2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റും മറ്റു നിയമ ഭേദഗതികളും

'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' എന്ന ആശയം പ്രാവർത്തികമാക്കുന്നതിനായി വാണിജ്യ-വ്യവസായ സംരംഭങ്ങളുടെ പ്രോൽസാഹനത്തിനായി കേരള സർക്കാർ *2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കൽ നിയമങ്ങൾ (2018 ലെ 13 & 14 നിയമങ്ങൾ) (The Kerala Investment Promotion And Facilitation Acts (Act 13 & 14 of 2018)* രൂപീകരിക്കുകയുണ്ടായി.

വാണിജ്യ-വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ നിയമങ്ങളും ചട്ടങ്ങളും പ്രകാരം ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം ഉൾപ്പെടെയുള്ള നിയമങ്ങളിലെ വിവിധ വകുപ്പുകളിൽ ഭേദഗതികൾ വരുത്തുകയുണ്ടായി. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ ലൈസൻസുമായി ബന്ധപ്പെട്ട വകുപ്പ് 232 ലും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 447 ലും 'അപകടകരവും അസഹ്യവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്നത് 'വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും' എന്ന് ഭേദഗതി വരുത്തുകയുണ്ടായി. 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്റ്റിൽ 'വ്യവസായങ്ങൾ' എന്നതിനൊപ്പം 'സംരംഭം (Enterprise)' എന്ന വാക്കു കൂടി കൂട്ടിച്ചേർത്തു. ക്ലിയറൻസുകൾ, സംരംഭം എന്നിവയുടെ നിർവ്വചനങ്ങളും നിയമത്തിൽ ഉൾപ്പെടുത്തി.

വ്യവസായങ്ങളുടെ ക്ലിയറൻസിനായി ഏകജാലക സംവിധാനം ഏർപ്പെടുത്തുകയും ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ഇതിനായി ബോർഡുകൾ രൂപീകരിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു.

- 15 കോടി രൂപ വരെയുള്ള മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾക്കായി ജില്ലാ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡും 15 കോടിയിൽ അധികം മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾക്കായി കേരള സംസ്ഥാന സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡും രൂപീകരിച്ചു. വിജ്ഞാപനം ചെയ്തിട്ടുള്ള വ്യാവസായിക മേഖലകളിലെ വ്യവസായങ്ങൾക്കായി ഇൻഡസ്ട്രിയൽ ഏരിയ സംഗിംൾ വിൻഡോ ബോർഡും രൂപീകരിക്കുന്നതിനുള്ള നിയമഭേദഗതികളും ഉണ്ടായിട്ടുണ്ട്.

ക്ലിയറൻസുകൾ, ലൈസൻസുകൾ, സാക്ഷ്യപത്രങ്ങൾ മുതലായവ നിശ്ചിത സമയപരിധിക്കകം നൽകുകയോ നിരസിക്കുകയോ ചെയ്യുന്നില്ലെങ്കിൽ അവ ലഭ്യമായതായി കണക്കാക്കുന്നതിനുള്ള വ്യവസ്ഥകളും നിലവിലുണ്ട്. സമാനമായ മാറ്റങ്ങൾ വ്യവസായങ്ങളുമായി ബന്ധപ്പെട്ട മറ്റു നിയമങ്ങളിലും വരുത്തിയിട്ടുണ്ട്.

വിവിധ നിയമങ്ങളിൽ വരുത്തിയ ഭേദഗതികളെത്തുടർന്ന് അതാത് നിയമങ്ങൾക്കുകീഴിലുള്ള ചട്ടങ്ങളിലും ഭേദഗതികൾ വരുത്തുകയുണ്ടായി. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമവും 1994 ലെ കേരള മുനസിപ്പാലിറ്റി നിയമവും അനുസരിച്ചുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് അനുവദിക്കുന്നതിനുള്ള സമയം, ലൈസൻസ് കാലയളവ്, ലൈസൻസ് പുതുക്കൽ, ലൈസൻസ് ഫീസ് മുതലായ നടപടിക്രമങ്ങളിൽ സാരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

(അധ്യായം V കൂടി കാണുക)

### 2. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് അനുവദിക്കൽ ചട്ടങ്ങൾ

എസ്.ആർ.ഒ നം.674/2017/തസ്വഭവ (പ്രാബല്യം:31-10-2017) പ്രകാരമുള്ള ഭേദഗതി ചട്ടങ്ങളെത്തുടർന്ന് 1996 ലെ കേരള പഞ്ചായത്ത് രാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ

എന്നത് 31-10-2017 മുതൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും[16] വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ) ചട്ടങ്ങൾ എന്നാണ് അറിയപ്പെടുന്നത്.

ഭേദഗതി ചട്ടങ്ങൾക്കു മുമ്പ് വ്യാപാരങ്ങളും വ്യവസായങ്ങളും ഫാക്ടറികളും മാത്രമാണ് ലൈസൻസ് പരിധിയിൽ പ്രധാനമായും ഉണ്ടായിരുന്നത്. ചട്ടങ്ങളിലെ പട്ടിക-1 ൽ 159 സ്ഥാപനങ്ങളുടെ പട്ടികയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടുതൽ വിശാലമായ അർത്ഥത്തിൽ നിയമത്തിലും ചട്ടങ്ങളിലും ഭേദഗതികൾ വരുത്തിയെങ്കിലും ചട്ടങ്ങളിലെ പട്ടിക-1 ൽ പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി വിവിധ വിഭാഗം സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. 'വ്യവസായങ്ങൾക്കും' എന്ന വാക്ക് നിയമത്തിൽ ഭേദഗതി വരുത്തി ചേർത്തുവെങ്കിലും ചട്ടങ്ങളുടെ തലക്കെട്ടിൽ 'വ്യവസായങ്ങൾക്കും' എന്ന വാക്ക് ഉൾപ്പെടുത്തുവാൻ വിട്ടു പോയിട്ടുണ്ട്.

**വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റു സേവനങ്ങൾ** എന്നിങ്ങനെ വിപുലമായ രീതിയിൽ സ്ഥാപനങ്ങളെ വേർതിരിച്ച് പട്ടിക-1 ൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ ചട്ട ഭേദഗതി ഉണ്ടാകേണ്ടതാണെന്ന് വിലയിരുത്തുന്നു. നിലവിലെ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള 159 വിഭാഗത്തിലുള്ള സ്ഥാപനങ്ങൾ ഒഴികെയുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിലെ അവ്യക്തത ഇതിലൂടെ പരിഹരിക്കപ്പെടുമെന്ന് കരുതുന്നു.

ചട്ടങ്ങളിലെ പട്ടിക-2 പ്രകാരമുള്ള ഫീസ് ഘടന നിശ്ചയിച്ചിരുന്നത് സ്ഥാപനങ്ങളുടെ വിറ്റു വരവിന്റെ അടിസ്ഥാനത്തിലായിരുന്നു. ഭേദഗതി ചട്ടങ്ങൾ പ്രകാരം പുതുക്കിയ പട്ടിക-2 ൽ ഉത്പാദന മേഖലയിലേയും സേവന മേഖലിയിലേയും എല്ലാ സ്ഥാപനങ്ങളേയും മൈക്രോ, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വേർതിരിക്കുകയും സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി ഫീസ് നിശ്ചയിക്കുകയും ചെയ്തു.

---

[16] *എസ്.ആർ.ഒ നം.674/2017/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച ഭേദഗതി ചട്ടങ്ങൾ പ്രകാരം തലക്കെട്ടിൽ നിന്നും 'വ്യവസായങ്ങൾക്കും' എന്ന വാക്ക് ഒഴിവാക്കിയതായി കാണുന്നു.*

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും മൂലധന നിക്ഷേപം പ്രസക്തമാണെങ്കിലും വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റു സേവനങ്ങൾ എന്നീ വിഭാഗങ്ങൾക്ക് മൂലധന നിക്ഷേപം അടിസ്ഥാനമാക്കി ഫീസ് ഈടാക്കുന്നതിനു പകരം വിറ്റു വരവോ മറ്റേതെങ്കിലും മാനദണ്ഡമോ സ്വീകരിക്കുന്നത് ഉചിതമായിരിക്കും എന്ന് കരുതുന്നു.

***കുറിപ്പ്:*** *പഞ്ചായത്ത് ലൈസൻസ് ചട്ടങ്ങളിലെ പട്ടിക-1 ഭേദഗതി ചെയ്യാത്തതിനാലുള്ള പ്രയാസം നിലനിൽക്കുന്നുണ്ടെങ്കിലും ആക്റ്റിലെ 232-ാം വകുപ്പും 2018 ലെ ഭേദഗതി നിയമവും 2017 ലെ ഭേദഗതി ചട്ടങ്ങളും വിശാലമായി വിലയിരുത്തിയാൽ പട്ടികയിൽ ഉൾപ്പെടാത്ത കാര്യങ്ങൾക്കും ലൈസൻസ് നൽകുന്നതിൽ തടസ്സമില്ലെന്ന് കണക്കാക്കാവുന്നതാണ്. ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള എന്തെങ്കിലും കാര്യങ്ങൾക്ക് പഞ്ചായത്ത് പ്രദേശത്തെ യാതൊരു സ്ഥലവും ലൈസൻസ് ഇല്ലാതെ ഉപയോഗിക്കുവാൻ പാടില്ലെന്നതാണ് നിയമം. പട്ടിക-1 ൽ പറയുന്ന കാര്യങ്ങൾക്ക് ലൈസൻസ് നിർബന്ധമാണ്. അല്ലാത്തവയ്ക്ക് നിർബന്ധമല്ല എന്നും ആവശ്യമെങ്കിൽ ലൈസൻസ് കൊടുക്കുന്നതിന് തടസ്സമില്ല എന്നും കരുതാവുന്നതാണ്. സെക്ഷൻ 236(2) കൂടി ഇക്കാര്യത്തിൽ പരിഗണിക്കാവുന്നതാണ്.*

*(അസ്സൽ ചട്ടങ്ങൾ കൂടി പരിശോധിക്കുക).*

### 3. 2011 ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ഭേദഗതികൾ

2011 ലെ കേരള മുനിസിപ്പാലിറ്റി(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 2021 ലാണ് ഭേദഗതികൾ ഉണ്ടായിട്ടുള്ളത്. എസ്.ആർ.ഒ നം.857/2020 (പ്രാബല്യം: 09-12-2020) പ്രകാരം പുറപ്പെടുവിച്ച ഭേദഗതി ചട്ടങ്ങൾ പ്രകാരം നിലവിൽ മുനസിപ്പാലിറ്റി ചട്ടങ്ങൾ 2011 ലെ കേരള മുനിസിപ്പാലിറ്റി(വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാണ് അറിയപ്പെടുന്നത്. ഭേദഗതി ചട്ടങ്ങൾ

പ്രകാരം പട്ടിക I, പട്ടിക II എന്നിവ സമഗ്രമായി പുതുക്കിയിട്ടുണ്ട്. പട്ടിക I ൽ വ്യവസായങ്ങളുടേയും ഫാക്ടറികളുടേയും ഇനങ്ങളും പട്ടിക II ൽ വ്യാപാരങ്ങളുടേയും സംരംഭക പ്രവർത്തനങ്ങളുടേയും മറ്റു സേവനങ്ങളുടേയും ഇനങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക ലൈസൻസ് ഫീസ് പട്ടിക III ലാണ് നൽകിയിട്ടുള്ളത്. ഉത്പാദനം, സേവനം എന്നീ രണ്ട് വിഭാഗങ്ങളിലുള്ള സ്ഥാപനങ്ങളെ മൈക്രോ, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വേർതിരിക്കുകയും സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം അടിസ്ഥാനമാക്കി ഈടാക്കാവുന്ന ഫീസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

കുറിപ്പ്: *പഞ്ചായത്ത് ചട്ടങ്ങൾ പ്രകാരം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കുമൊഴികെ ലൈസൻസിന്റെ കാലാവധി ഒരു വർഷമാണ്. മുനിസിപ്പാലിറ്റിയിൽ ഭേദഗതി നിയമം പ്രകാരം എല്ലാത്തിനും അഞ്ചു വർഷമാക്കിയിട്ടുണ്ട്.*

*ലൈസൻസ് പുതുക്കുന്നതിനുള്ള വ്യവസ്ഥയിൽ വലിയ മാറ്റമാണ് വന്നിട്ടുള്ളത്. പട്ടിക 2 പ്രകാരമുള്ള ഫീസും സാക്ഷ്യപത്രവും ലഭ്യമായാൽ പഞ്ചായത്ത് ലൈസൻസ് പുതുക്കപ്പെടുന്നതാണ്. അപേക്ഷയെക്കുറിച്ച് സൂചിപ്പിക്കുന്നില്ല. പുതുക്കൽ ഫീസ് ഫെബ്രുവരി അവസാനം അടവാക്കണമെന്നുള്ളത് മാർച്ച് 31 ലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്.*

*മുനിസിപ്പാലിറ്റി ലൈസൻസ് പുതുക്കുന്നതിന് സത്യവാങ്മൂലം ആവശ്യമില്ല.*

*ഒരിക്കൽ ലൈസൻസ് എടുത്തയാൾക്ക് അത് തുടർന്നും ലഭിക്കുവാൻ അവകാശമുണ്ട് എന്ന രീതിയിലാണ് ഭേദഗതി ഉണ്ടായിട്ടുള്ളത്. യഥാസമയം ഫീസ് അടച്ചാൽ ഓട്ടോമാറ്റിക്കായി ലൈസൻസ് പുതുക്കപ്പെടുന്നതായി കരുതാം.*

*എല്ലാ നിയമങ്ങളും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള ബാധ്യത സംരംഭകന് നൽകുന്നതിനാണ് സർക്കാർ ശ്രമിച്ചിട്ടുള്ളത്. പരാതി ഉണ്ടായാൽ മാത്രം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഇപ്പോഴും നിയമ വ്യവസ്ഥയുണ്ട്.*

*(അസ്സൽ ചട്ടങ്ങൾ കൂടി പരിശോധിക്കുക).*

## 4. എം.എസ്.എം.ഇ കളും പരിശോധനകളിൽ നിന്നുള്ള ഒഴിവും

കേരള എം.എസ്.എം.ഇ സുഗമമാക്കൽ ആക്റ്റ്, 2019 പ്രകാരം MSMED Act, 2006 പ്രകാരം നിർവ്വചിക്കപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ അംഗീകാരങ്ങളിൽ നിന്നും പരിശോധനകളിൽ നിന്നും മൂന്നു വർഷക്കാലത്തേക്ക് ഇളവുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്.

നോഡൽ ഏജൻസി മുമ്പാകെ *(കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ്, 2000 പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ ബോർഡ്)* ഒരു സ്വയം സാക്ഷ്യപത്രം *(കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ, 2020 പ്രകാരമുള്ള ഫോറം-I ൽ)* സമർപ്പിക്കേണ്ടതാണ്. എല്ലാ രീതിയിലും പൂർണ്ണമായ സ്വയം സാക്ഷ്യപത്രം ലഭിച്ചാലുടൻ സ്വയം സാക്ഷ്യപത്രം സമർപ്പിച്ച ആൾക്ക് നോഡൽ ഏജൻസി ഒരു കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നതാണ്. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്, എല്ലാ ആവശ്യങ്ങൾക്കും, അത് നൽകിയ തിയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. മൂന്ന് വർഷത്തിനു ശേഷം, ആറു മാസത്തിനുള്ളിൽ ആവശ്യമായ അംഗീകാരങ്ങൾ നേടേണ്ടതാണ്. മൂന്നു വർഷക്കാലയളവിനുള്ളിൽ, ക്ഷമതയുള്ള അധികാര സ്ഥാനം (സർക്കാരിന്റെ ഏതെങ്കിലും വകുപ്പോ, ഏജൻസിയോ, സ്റ്റാറ്റ്യൂട്ടറി ബോഡിയോ, സംസ്ഥാനത്തിന്റെ ഉടമസ്ഥതയിലുള്ള കോർപ്പറേഷനോ, തദ്ദേശ സ്വയംഭരണ സ്ഥാപനമോ, നഗരവികസന അതോറിറ്റിയോ ഏതെങ്കിലും സംസ്ഥാന നിയമപ്രകാരമോ അതിൻ കീഴിലോ രൂപീകരിക്കപ്പെട്ടതോ സ്ഥാപിക്കപ്പെട്ടതോ സർക്കാരിന്റെ ഭരണപരമായ നിയന്ത്രണത്തിൻ കീഴിലുള്ളതോ ആയ മറ്റേതെങ്കിലും അതോറിറ്റിയോ ഏജൻസിയോ) ഏതെങ്കിലും അംഗീകാരം നൽകുന്നതിന്റെ (ലൈസൻസുകളും അനുവാദങ്ങളും അംഗീകാരങ്ങളും ക്ലിയറൻസുകളും രജിസ്ട്രേഷനുകളും അനുമതികളും നിരാക്ഷേപ പത്രങ്ങളും സമാനമായവയും) ആവശ്യത്തിലേക്കായോ അതുമായി ബന്ധപ്പെട്ടോ ഏതെങ്കിലും പരിശോധന നടത്തുവാൻ പാടുള്ളതല്ല.

## 5. എം.എസ്.എം.ഇ ഇതര വ്യവസായ സ്ഥാപനങ്ങളും അംഗീകാരവും

2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ(ഭേദഗതി) ആക്റ്റ് പ്രകാരം ഇതര വ്യവസായ സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ് 2021 ൽ ഭേദഗതി ചെയ്തിട്ടുണ്ട്.

ഇതര വ്യവസായ സ്ഥാപനങ്ങ സ്ഥാപിക്കുവാനായി നിർണ്ണയിക്കപ്പെടാവുന്ന ഫോറത്തിൽ സർക്കാർ, വിജ്ഞാപനം വഴി രൂപീകരിക്കുന്ന ബ്യൂറോ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് (കെ.എസ്.ഐ.ഡി.സി യുടെ മാനേജിംഗ് ഡയറക്ടർ) ഓൺലൈൻ പോർട്ടൽ മുഖേന അത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ വിവിധ സംസ്ഥാന നിയമങ്ങൾക്കു കീഴിൽ ആവശ്യമായ അംഗീകാരം ലഭിക്കുന്നതിനായി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസും പ്രഖ്യാപനവും സഹിതം ഒരു അപേക്ഷ ഓൺലൈനായി അനുബന്ധ പ്രമാണങ്ങൾ സഹിതം നൽകേണ്ടതാണ്.

എല്ലാ രീതിയിലും പൂർണ്ണമായ അപേക്ഷ, പരിശോധനാ ലിസ്റ്റ് സഹിതം ലഭിച്ച് ഏഴു പ്രവൃത്തി ദിവസങ്ങൾക്കം ബ്യൂറോക്ക് യുക്തമെന്ന് തോന്നുന്ന ഏതെങ്കിലും നിബന്ധനകളോടെയോ അല്ലാതെയോ അംഗീകാരം നൽകുന്നിനോ, കൂടുതൽ വിശദാംശങ്ങളോ, രേഖകളോ ആവശ്യപ്പെടുന്നതിനോ, എഴുതി രേഖപ്പെടുത്തുന്ന കാരണങ്ങളാൽ അംഗീകാരം നൽകുന്നത് നിരസിച്ചുകൊണ്ടോ ഉള്ള തീരുമാനമെടുക്കാവുന്നതാണ്. ബ്യൂറോയുടെ തീരുമാനം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷകനേയും ബന്ധപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനങ്ങളേയും അറിയിക്കേണ്ടതാണ്. പ്രസ്തുത തീരുമാനം ബന്ധപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾ നൽകിയതായി കരുതപ്പെടുന്നതും അപ്രകാരമുള്ള അധികാര സ്ഥാനങ്ങൾക്ക് അപ്രകാരമുള്ള തീരുമാനം ബാധകമായിരിക്കുന്നതുമാണ്.

അംഗീകാരം ഒരിക്കൽ നൽകി കഴിഞ്ഞാൽ ആയത് നൽകിയ തിയതി മുതൽ അഞ്ചു വർഷക്കാലയളവിലേക്ക് അംഗീകാരത്തിന് സാധുതയുണ്ടായിരിക്കുന്നതാണ്. ഒരു വർഷക്കാലയളവിനുള്ളിൽ ക്ഷമതയുള്ള അധികാര സ്ഥാനം

നിയമത്തിലെ വകുപ്പ് 2(സി) പ്രകാരമുള്ള ഏതെങ്കിലും അംഗീകാരം നൽകുന്നതിന്റെ ആവശ്യത്തിലേക്കായോ അതുമായി ബന്ധപ്പെട്ടോ ഏതെങ്കിലും പരിശോധന നടത്തുവാൻ പാടുള്ളതല്ല.

- ഇതര സ്ഥാപനങ്ങൾക്ക് അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഉൾപ്പെടുത്തി 2020 ലെ കേരള എം.എസ്.എം.ഇ സുഗമമാക്കൽ ചട്ടങ്ങളിൽ നാളിതു വരെ ഭേദഗതികൾ വരുത്തിയിട്ടില്ല. ആയതിനുശേഷം മാത്രമേ നിയമത്തിൽ വരുത്തിയ ഭേദഗതികൾക്കനുസൃതമായുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് വിലയിരുത്തുന്നു.

*2019 ലെ കേരള എം.എസ്.എം.ഇ സുഗമമാക്കൽ ആക്റ്റിന്റേയും 2020 ലെ കേരള എം.എസ്.എം.ഇ സുഗമമാക്കൽ ചട്ടങ്ങളുടേയും വിശദാംശങ്ങൾ യഥാക്രമം അധ്യായം III ലും അധ്യായം IV ലും ഉൾപ്പെടുത്തിയിട്ടുണ്ട്.*

## 6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകുന്ന സ്ഥാപനങ്ങളിലെ കേന്ദ്രീകൃത പരിശോധനാ സംവിധാനം

സ്ഥാപനങ്ങളിലെ കേന്ദ്രീകൃത പരിശോധനയ്ക്കായി 29-07-2021 ലെ സ.ഉ(കൈ) നം.156/2021/തസ്വഭവ തിയതി 31-08-2021 പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് 31-08-2021 സ.ഉ(കൈ)നം.191/2021/തസ്വഭവ പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. പുതുക്കിയ ഉത്തവിലെ പ്രസക്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു.

### സ്ഥാപനങ്ങളുടെ തരംതിരിവ്

വ്യവസായങ്ങളെ താഴെ പറയും പ്രകാരം തരം തിരിച്ചിട്ടുണ്ട്.

- മൈക്രോ, മിനി വ്യവസായങ്ങൾ - ലോ കാറ്റഗറി
- സ്മാൾ, മീഡിയം വ്യവസായങ്ങൾ - മീഡിയം കാറ്റഗറി
- ലാർജ് വ്യവസായങ്ങൾ - ഹൈ കാറ്റഗറി

സ്ഥാപനങ്ങളിൽ കേന്ദ്രീകൃത പരിശോധനയ്ക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## I. ഗ്രാമപഞ്ചായത്ത്

### എ. പുതിയ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ സ്വീകരിക്കേണ്ട പരിശോധനാ നിർദ്ദേശങ്ങൾ

1996 ലെ കേരള പഞ്ചായത്ത് രാജ്(വ്യവസായങ്ങൾക്കും[17] ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പുതിയ വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന്, ആവശ്യമായ എല്ലാ രേഖകളും ഉൾപ്പെടെ അപേക്ഷ സമർപ്പിക്കുമ്പോൾ സ്ഥാപനത്തിന്റെ ഒക്യുപൻസി സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ഓഫീസിലെ രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തി ഏഴു ദിവസത്തിനകം ലൈസൻസ് നൽകേണ്ടതാണ്.

ലോ കാറ്റഗറി (മൈക്രോ, മിനി സംരംഭങ്ങൾ) വിഭാഗത്തിൽ ഉൾപ്പെടാത്തതും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സമ്മതപത്രം നിഷ്കർഷിക്കാത്തതുമായ മീഡിയം, ഹൈ വിഭാഗത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളിൽ (സ്മാൾ, മീഡിയം, ലാർജ് സംരംഭങ്ങൾ) മാലിന്യ സംസ്കരണ സംവിധാനം ഉണ്ടെന്ന് സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും അതിനനുസൃതമായി ഒരു Compliance Certificate നൽകേണ്ടതുമാണ്. ഇതിനാവശ്യമായ ഉദ്യോഗസ്ഥരെ സെക്രട്ടറി നിയോഗിക്കേണ്ടതാണ്. ഇത് ലൈസൻസ് ലഭിക്കുന്നതിനുള്ള ഒരു മുൻ വ്യവസ്ഥയാണ്. ഇതിനുള്ള അപേക്ഷ ലഭിച്ച് 5 പ്രവൃത്തി ദിവസത്തിനകം Compliance/Non Compliance Certificate നൽകേണ്ടതാണ്. ആയത് നൽകാത്തപക്ഷം അപേക്ഷ Compliance Certificate ആയി പരിഗണിക്കേണ്ടതാണ്. Compliance Certificate ഉൾപ്പെടെ ലൈസൻസ് നൽകുന്നതിന് ആവശ്യമായ എല്ലാ രേഖകളും സഹിതം പൂർണ്ണമായ അപേക്ഷ

---

[17] *എസ്.ആർ.ഒ നം.674/2017/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച ഭേദഗതി ചട്ടങ്ങൾ പ്രകാരം തലക്കെട്ടിൽ നിന്നും 'വ്യവസായങ്ങൾക്കും' എന്ന വാക്ക് ഉൾപ്പെട്ടിട്ടില്ലെങ്കിലും ഉത്തരവിൽ ആയത് ചേർത്തിട്ടുണ്ട്.*

സമർപ്പിക്കുമ്പോൾ 7 ദിവസത്തിനകം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകേണ്ടതാണ്.

ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കണമെന്ന വകുപ്പ് 219(വി) പ്രകാരമുള്ള Compliance Certificate ലോ കാറ്റഗറി വിഭാഗത്തിൽപ്പെട്ട (മൈക്രോ, മിനി സംരംഭങ്ങൾ) സ്ഥാപനങ്ങൾക്ക് ബാധകമല്ല.

മീഡിയം, ഹൈ വിഭാഗത്തിൽപ്പെട്ട ചില സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡ് മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം പരിശോധിച്ച് NOC നൽകുന്നുണ്ട്. അതിനാൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ക്ലിയറൻസ് നിഷ്കർഷിക്കുന്ന മീഡിയം, ഹൈ വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങൾക്ക് (സ്മാൾ, മീഡിയം, ലാർജ് സംരംഭങ്ങൾ) തദ്ദേശ സ്ഥാപനങ്ങൾ Compliance Certificate നൽകേണ്ടതില്ല.

## ബി. നിലവിലുള്ള സ്ഥാപനങ്ങളിലെ പരിശോധനാ കാലയളവ്

1996 ലെ കേരള പഞ്ചായത്ത് രാജ്(വ്യവസായങ്ങൾക്കും[18] ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം വിവിധ വിഭാഗങ്ങളാക്കി ഫീസ് ഈടാക്കി വരുന്ന സ്ഥാപനങ്ങളിലെ പരിശോധന താഴെ പറയും പ്രകാരം നിജപ്പെടുത്തേണ്ടതാണ്.

- *ലോ കാറ്റഗറി (മൈക്രോ, മിനി സംരംഭങ്ങൾ) – മൂന്നു വർഷത്തിലൊരിക്കൽ*
- *മീഡിയം കാറ്റഗറി (സ്മാൾ, മീഡിയം സംരംഭങ്ങൾ) – രണ്ടു വർഷത്തിലൊരിക്കൽ*
- *ഹൈ കാറ്റഗറി (ലാർജ് സംരംഭങ്ങൾ) – വർഷത്തിൽ ഒരുതവണ*

---

18 *എസ്.ആർ.ഒ നം.674/2017/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച ഭേദഗതി ചട്ടങ്ങൾ പ്രകാരം തലക്കെട്ടിൽ നിന്നും 'വ്യവസായങ്ങൾക്കും' എന്ന വാക്ക് ഉൾപ്പെട്ടിട്ടില്ലെങ്കിലും ഉത്തരവിൽ ആയത് ചേർത്തിട്ടുണ്ട്.*

## സി. പരാതികളിന്മേലുള്ള പരിശോധന

- പരാതികൾ ലഭിച്ചാൽ സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗ സ്ഥനോ പരിശോധന നടത്തേണ്ടതാണ്. പരിശോധന നടത്തുന്നതിനു മുമ്പ് 1998 ലെ കേരള പഞ്ചായത്ത് രാജ്(പ്രവേശിക്കുവാനും പരിശോധന നടത്തുവാ നുമുള്ള അധികാരങ്ങളും നിയന്ത്രണങ്ങളും നിബന്ധനകളും) ചട്ടങ്ങൾ പ്രകാരം അറിയിപ്പ് നൽകേണ്ടതാണ്.
- അടിസ്ഥാനമില്ലാത്ത പരാതികളിലും പേരും വിലാസവും വെളിപ്പെടുത്താത്ത പരാതികളിന്മേലും ഒരു സ്ഥാപനത്തിൽ നിരന്തരം പരിശോധനകൾ നടത്തു ന്നത് ഒഴിവാക്കേണ്ടതാണ്.
- ഒന്നിലധികം തവണ ഒരു സ്ഥാപനത്തിൽ പരിശോധന നടത്തേണ്ടി വരുന്ന പക്ഷം വ്യത്യസ്ഥ ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ടതാണ്.
- പരാതി കെട്ടിച്ചമച്ചതോ, അടിസ്ഥാനമില്ലാത്തതോ, വ്യക്തി വിദ്വേഷത്തിന്റെ അടി സ്ഥാനത്തിലുള്ളതോ ആണെന്ന് പരിശോധനാ ഉദ്യോഗസ്ഥന് ബോധ്യം വരുന്ന പക്ഷം ആയത് പരിശോധനാ റിപ്പോർട്ടിൽ വ്യക്തമാക്കേണ്ടതാണ്.

## ഡി. പരിശോധനാ നടപടിക്രമം

- മാലിന്യ പരിപാലനം, ശുചീകരണം തുടങ്ങി അധികാര പരിധിയിൽ വരുന്ന വിഷയങ്ങൾ മാത്രമേ പരിശോധനാ പരിധിയിൽ ഉൾപ്പെടുത്താവൂ. മറ്റ് ഏജൻസികളുടെ/വകുപ്പുകളുടെ അധികാര പരിധിയിൽ വരുന്ന കാര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിശോധിക്കേണ്ടതില്ല.
- പരിശോധനാ വിവരം സ്ഥാപന ഉടമയെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.
- പരാതിയുടെ അടിസ്ഥാനത്തിലുള്ള പരിശോധന നടത്തുമ്പോൾ സ്ഥാപന ഉടമ ആവശ്യപ്പെടുന്നപക്ഷം പരാതിയുടെ പകർപ്പ് ഉടമയ്ക്ക് നൽകേണ്ടതാണ്.
- ആവശ്യമെങ്കിൽ, പരിശോധന മൊബൈൽ ഫോൺ ഉൾപ്പെടെ ഉപയോഗിച്ച് വീഡിയോ റെക്കോർഡിംഗ് ചെയ്യേണ്ടതാണ്. സ്ഥാപന ഉടമ ആവശ്യപ്പെടുന്ന പക്ഷം വീഡിയോ റെക്കോർഡിംഗ് ചെയ്യുന്നതിന് അദ്ദേഹത്തെ അനുവദിക്കേ ണ്ടതാണ്.

- വിവിധ പരാതികളിന്മേൽ നടത്തുന്ന പരിശോധന സംബന്ധിച്ച് മഹസർ/ റിപ്പോർട്ട് തയ്യാറാക്കേണ്ടതും പകർപ്പ് സ്ഥാപന ഉടമയ്ക്ക് നൽകേണ്ടതുമാണ്.

| |
|---|
| 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 233[19] പ്രകാരം നടത്തുന്ന പരിശോധനകൾക്കും മനുഷ്യജീവന് ആപത്തുണ്ടാകുന്ന സംഗതികളിൽ അടിയന്തിരമായി നടത്തുന്ന പരിശോധനകൾക്കും മേൽ നിർദ്ദേശങ്ങൾ ബാധകമാകുന്നതല്ല. |

## II. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

### എ. പുതിയ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ സ്വീകരിക്കേണ്ട പരിശോധനാ നിർദ്ദേശങ്ങൾ

- 1994 ലെ കേരള മുനസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 447 പ്രകാരം പുതിയ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് ആവശ്യമായ എല്ലാ രേഖകളും ഉൾപ്പെടെ അപേക്ഷ സമർപ്പിക്കുമ്പോൾ അഞ്ചു ദിവസത്തിനകം ലൈസൻസ് നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വകുപ്പിൽ ലൈസൻസ് നൽകുന്നതിനു മുമ്പ് സ്ഥല പരിശോധന നിഷ്കർഷിക്കുന്നില്ല.

- ലോ കാറ്റഗറി (മൈക്രോ, മിനി സംരംഭങ്ങൾ) വിഭാഗത്തിൽ ഉൾപ്പെടാത്തതും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സമ്മതപത്രം നിഷ്കർഷിക്കാത്തതുമായ മീഡിയം, ഹൈ വിഭാഗത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളിൽ (സ്മാൾ, മീഡിയം, ലാർജ് സംരംഭങ്ങൾ) മാലിന്യ സംസ്കരണ സംവിധാനം ഉണ്ടെന്ന് സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും അതിനനുസൃതമായി ഒരു Compliance Certificate നൽകേണ്ടതുമാണ്. ഇതിനാവശ്യമായ ഉദ്യോഗസ്ഥരെ സെക്രട്ടറി നിയോഗിക്കേണ്ടതാണ്. ഇത് ലൈസൻസ് ലഭിക്കുന്നതിനുള്ള ഒരു മുൻ വ്യവസ്ഥയാണ്. ഇതിനുള്ള അപേക്ഷ ലഭിച്ച് 5 പ്രവൃത്തി ദിവസത്തിനകം Compliance/Non Compliance Certificate നൽകേണ്ടതാണ്. ആയത് നൽകാത്തപക്ഷം അപേക്ഷ Compliance Certificate ആയി പരിഗണിക്കേണ്ടതാണ്.

---

[19] *ഫാക്ടറികൾ സ്ഥാപിക്കുന്നതിനും യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള അനുവാദം നൽക്കുന്നതിന്.*

Compliance Certificate ഉൾപ്പെടെ ലൈസൻസ് നൽകുന്നതിന് ആവശ്യമായ എല്ലാ രേഖകളും സഹിതം പൂർണ്ണമായ അപേക്ഷ സമർപ്പിക്കുമ്പോൾ 5 ദിവസത്തിനകം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകേണ്ടതാണ്.

- ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കണമെന്ന വകുപ്പ് 334(എ) പ്രകാരമുള്ള Compliance Certificate ലോ കാറ്റഗറി വിഭാഗത്തിൽപ്പെട്ട (മൈക്രോ, മിനി സംരംഭങ്ങൾ) സ്ഥാപനങ്ങൾക്ക് ബാധകമല്ല.
- മീഡിയം, ഹൈ വിഭാഗത്തിൽപ്പെട്ട ചില സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡ് മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം പരിശോധിച്ച് NOC നൽകുന്നുണ്ട്. അതിനാൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ക്ലിയറൻസ് നിഷ്കർഷിക്കുന്ന മീഡിയം, ഹൈ വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങൾക്ക് (സ്മാൾ, മീഡിയം, ലാർജ് സംരംഭങ്ങൾ) തദ്ദേശ സ്ഥാപനങ്ങൾ Compliance Certificate നൽകേണ്ടതില്ല.

## ബി. നിലവിലുള്ള സ്ഥാപനങ്ങളിലെ പരിശോധനാ കാലയളവ്

1996 ലെ കേരള മുനിസിപ്പാലിറ്റി(വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം വിവിധ വിഭാഗങ്ങളാക്കി ഫീസ് ഈടാക്കി വരുന്ന സ്ഥാപനങ്ങളിലെ പരിശോധന താഴെ പറയും പ്രകാരം നിജപ്പെടുത്തേണ്ടതാണ്.

- *ലോ കാറ്റഗറി (മൈക്രോ, മിനി സംരംഭങ്ങൾ) – മൂന്നു വർഷത്തിലൊരിക്കൽ*
- *മീഡിയം കാറ്റഗറി (സ്മാൾ, മീഡിയം സംരംഭങ്ങൾ) – രണ്ടു വർഷത്തിലൊരിക്കൽ*
- *ഹൈ കാറ്റഗറി (ലാർജ് സംരംഭങ്ങൾ) – വർഷത്തിൽ ഒരുതവണ*

## സി. പരാതികളിന്മേലുള്ള പരിശോധന

- പരാതികൾ ലഭിച്ചാൽ സെക്രട്ടറിയുടെ അനുവാദ ഉത്തരവോടുകൂടി മാത്രമേ സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സ്ഥല പരിശോധന നടത്തുവാൻ പാടുള്ളൂ. പരിശോധന നടത്തുന്നതിനു മുമ്പ് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 529, 530 എന്നീ വകുപ്പുകളിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം അറിയിപ്പ് നൽകേണ്ടതാണ്.
- അടിസ്ഥാനമില്ലാത്ത പരാതികളിലും പേരും വിലാസവും വെളിപ്പെടുത്താത്ത പരാതികളിന്മേലും ഒരു സ്ഥാപനത്തിൽ നിരന്തരം പരിശോധനകൾ നടത്തുന്നത് ഒഴിവാക്കേണ്ടതാണ്.
- ഒരു സ്ഥാപനത്തിൽ ഒരേ ഉദ്യോഗസ്ഥൻ തന്നെ തുടർച്ചയായി പരിശോധന നടത്തുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.
- പരാതി കെട്ടിച്ചമച്ചതോ, അടിസ്ഥാനമില്ലാത്തതോ, വ്യക്തി വിദ്വേഷത്തിന്റെ അടിസ്ഥാനത്തിലുള്ളതോ ആണെന്ന് പരിശോധനാ ഉദ്യോഗസ്ഥന് ബോധ്യം വരുന്ന പക്ഷം ആയത് വ്യക്തമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഡി. പരിശോധനാ നടപടിക്രമം

- മാലിന്യ പരിപാലനം, ശുചീകരണം തുടങ്ങി അധികാര പരിധിയിൽ വരുന്ന വിഷയങ്ങൾ മാത്രമേ പരിശോധനാ പരിധിയിൽ ഉൾപ്പെടുത്താവൂ. മറ്റ് ഏജൻസികളുടെ/വകുപ്പുകളുടെ അധികാര പരിധിയിൽ വരുന്ന കാര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിശോധിക്കേണ്ടതില്ല.
- പരിശോധനാ വിവരം സ്ഥാപന ഉടമയെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.
- പരാതിയുടെ അടിസ്ഥാനത്തിലുള്ള പരിശോധന നടത്തുമ്പോൾ സ്ഥാപന ഉടമ ആവശ്യപ്പെടുന്ന പക്ഷം പരാതിയുടെ പകർപ്പ് ഉടമയ്ക്ക് നൽകേണ്ടതാണ്.
- ആവശ്യമെങ്കിൽ, പരിശോധന മൊബൈൽ ഫോൺ ഉൾപ്പെടെ ഉപയോഗിച്ച് വീഡിയോ റെക്കോർഡിംഗ് ചെയ്യേണ്ടതാണ്. സ്ഥാപന ഉടമ ആവശ്യപ്പെടുന്ന പക്ഷം വീഡിയോ റെക്കോർഡിംഗ് ചെയ്യുന്നതിന് അദ്ദേഹത്തെ അനുവദിക്കേണ്ടതാണ്.

- വിവിധ പരാതികളിന്മേൽ നടത്തുന്ന പരിശോധന സംബന്ധിച്ച് മഹസർ/റിപ്പോർട്ട് തയ്യാറാക്കേണ്ടതും പകർപ്പ് സ്ഥാപന ഉടമയ്ക്ക് നൽകേണ്ടതുമാണ്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 448, 447 പ്രകാരം നടത്തുന്ന പരിശോധനകൾക്കും മനുഷ്യജീവന് ആപത്തുണ്ടാകുന്ന സംഗതികളിൽ അടിയന്തിരമായി നടത്തുന്ന പരിശോധനകൾക്കും മേൽ നിർദ്ദേശങ്ങൾ ബാധകമാകുന്നതല്ല.

### 7. നാനോ ഹൗസ് ഹോൾഡുകളെ ലൈസൻസിൽ നിന്നും ഒഴിവാക്കി

- സ.ഉ(സാധാ)നം.160/2020/തസ്വഭവ തിയതി 21-01-2020

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ വകുപ്പ് 233ബി പ്രകാരവും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ വകുപ്പ് 450 പ്രകാരവും വ്യവസായ വകുപ്പിന്റേയും മലിനീകരണ നിയന്ത്രണ ബോർഡിന്റേയും അംഗീകാരമുള്ള 5 H.P യിൽ താഴെ ശേഷിയുള്ള ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്ന വ്യവസായ യൂണിറ്റുകൾക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയുടെ അനുമതി ആവശ്യമില്ലാത്തിനാൽ നാനോ ഹൗസ് ഹോൾഡ് യൂണിറ്റുകളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കി.



# VII

# സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപന ങ്ങൾക്കുള്ള വിവിധ പർച്ചേസ് ആനുകൂല്യങ്ങൾ

കേരളത്തിലെ സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മുതലായവയ്ക്ക് ആവശ്യമായ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുന്ന 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്കും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിവിധ ഇളവുകളും പ്രൈസ് പ്രഫറൻസും പർച്ചേസ് പ്രിഫറൻസും അനുവദിക്കപ്പെട്ടിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ തുടർന്ന് ചേർക്കുന്നു.

## 1. എം.എസ്.എം.ഇ കളെ ടെണ്ടർ ഫീ, ഇ.എം.ഡി, പെർഫോമൻസ് സെക്യൂരിറ്റി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി

സ.ഉ(പി)നം.3/2021/എസ്.പി.ഡി തിയതി 22-03-2021 പ്രകാരം സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖ. 8.27 ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പുതുക്കിയ ഖണ്ഡിക താഴെ ചേർക്കുന്നു.

8.27. ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ ഉള്ള എല്ലാ എം.എസ്.എം.ഇ കളേയും അല്ലെങ്കിൽ എം.എംസ്.എം.ഇ മന്ത്രാലയം സൂചിപ്പിക്കുന്ന കേരള സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന മറ്റേതെങ്കിലും സ്ഥാപനത്തിനേയും ടെണ്ടർ ഫീ, ഇ.എം.ഡി, പെർഫോമൻസ് സെക്യൂരിറ്റി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതാണ്.

**കുറിപ്പ്:** ഉദ്യോഗ് ആധാർ എന്നത് നിലവിൽ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നാണ് അറിയപ്പെടുന്നത്.

## 2. പ്രൊക്യുർമെന്റ് പ്രിഫറൻസ് പോളിസിയും എം.എസ്.എം.ഇ യും

രാജ്യത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ പ്രോൽസാഹനത്തിനും വളർച്ചയ്ക്കും വേണ്ടി മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്റ്റ്, 2006 (കേന്ദ്ര ആക്റ്റ്) ലെ വകുപ്പ് 11 പ്രകാരം സാധനങ്ങളുടേയും സേവനങ്ങളുടേയും സമാഹരണത്തിനുള്ള പ്രൊക്യുർമെന്റ് പ്രിഫറൻസ് പോളിസി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യാവുന്നതാണ്. ആയതനുസരിച്ച് സംസ്ഥാന സർക്കാർ എം.എസ്.എം.ഇ കൾക്കും സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾക്കുമുള്ള പ്രൈസ് പ്രിഫറൻസും പർച്ചേസ് പ്രിഫറൻസും നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും സ്റ്റോർസ് പർച്ചേസ് മാന്വലിൽ ആവശ്യമായ ഖ. 8.9 ൽ ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**ജി.ഒ(ആർടി)നം.5382/2020/ഫിൻ തിയതി 18-09-2020** പ്രകാരം സംസ്ഥാനത്തിനകത്തെ എം.എസ്.എം.ഇ കൾക്കും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കുമുള്ള പുതുക്കിയ പ്രൈസ് & പർച്ചേസ് പ്രിഫറൻസ് പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ ഉത്തരവിനെത്തുടർന്ന് **സ.ഉ(പി)നം.4/20201/എസ്.പി.ഡി തിയതി 31-03-2021** പ്രകാരം സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖ. 8.9 ലെ വ്യവസ്ഥകളിലും ഭേദഗതി വരുത്തിയിട്ടുണ്ട്.

**ജി.ഒ(ആർടി)നം.5382/2020/ഫിൻ തിയതി 18-09-2020 പ്രകാരം** പുറപ്പെടുവിച്ച പ്രൈസ് & പർച്ചേസ് പ്രിഫറൻസ് പോളിസിയിൽ **ജി.ഒ(ആർടി)നം.8284/2021/ഫിൻ തിയതി 21-12-2021 പ്രകാരം** സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗുണപ്രദമാകുന്ന രീതിയിൽ ഏതാനും വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് താഴെ ചേർക്കുന്നു.

"പ്രൈസ് & പർച്ചേസ് പ്രിഫറൻസുകൾ ബാധകമായിട്ടുള്ളത് കേരളത്തിനകത്ത് നിർമ്മിക്കുന്ന ഉത്പന്നങ്ങൾക്കു മാത്രം ബാധകമായിരിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം അനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന എം.എസ്.എം.ഇ കൾക്കുമാത്രമേ പ്രൈസ് & പർച്ചേസ് പ്രിഫറൻസുകൾ ബാധകമാവുകയുള്ളൂ".

സ്റ്റോർസ് പർച്ചേസ് മാന്വലിൽ മേൽ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

### 3. സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾക്കും പ്രാദേശിക എം.എസ്.എം.ഇ കൾക്കുമുള്ള പ്രൈസ് പ്രിഫറൻസും പർച്ചേസ് പ്രിഫറൻസും – സ്റ്റോർസ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ ഖ. 8.9 (പുതുക്കിയത്)

ന്യൂഡെൽഹിയിലെ നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എം.എസ്.എം.ഇ കൾക്ക് കോർപ്പറേഷൻ നൽകുന്ന യോഗ്യതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇ.എം.ഡി യിൽ നിന്നും ഇളവ് ലഭിക്കുന്നതാണ്. ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ ഉള്ള എം.എസ്.എം.ഇ കൾക്കും ഇ.എം.ഡി യിൽ നിന്നും ഇളവ് ലഭിക്കുന്നതാണ്. (നിലവിൽ ഉദ്യോഗ് ആധാർ എന്നത് ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നാണ് അറിയപ്പെടുന്നത്). റണ്ണിംഗ് കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ സാധനങ്ങൾ വാങ്ങുന്നതിന് ഈ ഒഴിവ് ബാധകമാകുന്നതല്ല.

**കുറിപ്പ്:** എം.എസ്.എം.ഇ കൾക്കായി ധനകാര്യ വകുപ്പും മറ്റു ഭരണ വകുപ്പുകളും പുറപ്പെടുവിക്കുന്ന പബ്ലിക് പ്രൊക്യുർമെന്റ് പോളിസി സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള എല്ലാ രജിസ്റ്റേർഡ് എം.എസ്.എം.ഇ കൾക്കും ബാധകമാകുന്നതാണ്.

### പൊതുമേഖലാ സ്ഥാപനങ്ങൾക്കും എം.എസ്.എം.ഇ കൾക്കുമുള്ള പ്രൈസ് പ്രിഫറൻസ്

### PRICE PREFERENCE TO PSUs AND MSMEs

സംസ്ഥാന സർക്കാർ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പൊതു സ്ഥാപനങ്ങളുടേയും എല്ലാ വാങ്ങലുകളിലും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കും പ്രാദേശിക എം.എസ്.എം.ഇ കൾക്കും 15% വരെ പ്രൈസ് പ്രിഫറൻസ് ലഭിക്കുന്നതാണ്.

L1 ബിഡറുടെ 15% പരിധിക്കുള്ളിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും പ്രാദേശിക എം.എസ്.എം.ഇ കളും നിരക്ക് ക്വോട്ട് ചെയ്താൽ സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾക്ക്/പ്രാദേശിക എം.എസ്.എം.ഇ കൾക്ക്, ഒറ്റയ്ക്കോ,

കൂട്ടായോ, അതത് സംഗതിപോലെ, അവർ ക്വോട്ട് ചെയ്ത ഏറ്റവും കുറഞ്ഞ നിരക്കിൽ അളവിന്റെ 50% വരെ ഓർഡർ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്. ഈ വിഭാഗത്തിൽ ഒന്നിലധികം സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ/പ്രാദേശിക എം.എസ്.എം.ഇ വേണ്ടർമാർ ഉണ്ടെങ്കിൽ അവർക്ക് ഈ 50% ഓർഡറിന്റെ തുല്യ അനുപാതങ്ങൾ ലഭിക്കുന്നതാണ്.

(സ്റ്റോർസ് പർച്ചേസ് മാനുലിലെ ഖ. 8.9 ലെ രണ്ടാമത്തെ കുറിപ്പിലെ താഴെയുള്ള a, b, c, d എന്നീ ഖണ്ഡങ്ങൾ ഒഴിവാക്കിയിട്ടുണ്ട്).

e) ബിസിനസ് ചെയ്യുന്നതിനുള്ള ഇടപാടുകളുടെ ചെലവ് കുറയ്ക്കുന്നതിനായി മൈക്രോ, സ്മാൾ വ്യവസായങ്ങൾക്ക് ടെണ്ടർ സെറ്റ് സൗജന്യമായി നൽകുന്നതും ഇ.എം.ഡി യിൽ നിന്നും ഒഴിവാക്കുന്നതുമാണ്. ടെണ്ടർ നടപടികളിലെ സുതാര്യത ഉറപ്പാക്കുന്നതിനായി ഇ-പ്രൊക്യൂർമെന്റ് അവലംബിക്കുന്നതാണ്.

f) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കും ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും/ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് സെന്ററുകളിലും/കയർ ബോർഡിലും/നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷനിലും/ഡയറക്ടറേറ്റ് ഓഫ് ഹാന്റി ക്രാഫ്റ്റ്സ് ആന്റ് ഹാന്റ്ലൂമിലും/ ഉദ്യോഗ് ആധാർ രജിസ്റ്റർ ചെയ്തിട്ടുള്ള സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന പ്രാദേശിക എം.എസ്. എം.ഇ കൾക്കും അല്ലെങ്കിൽ എം.എംസ്.എം.ഇ മന്ത്രാലയും സൂചിപ്പിക്കുന്ന മറ്റേതെങ്കിലും സ്ഥാപനത്തിനും പ്രൈസ് പ്രിഫറൻസ് പോളിസി ബാധകമാക്കേണ്ടതാണ്.

## പൊതുമേഖലാ സ്ഥാപനങ്ങൾക്കും എം.എസ്.എം.ഇ കൾക്കും വേണ്ടിയുള്ള പർച്ചേസ് പ്രിഫറൻസ്
## PURCHASE PREFERENCE FOR MSMEs AND PSUs

ഏതെങ്കിലും ടെണ്ടറിൽ, സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളും പ്രാദേശിക എം.എസ്.എം.ഇ കളും L1+15% നിരക്ക് പരിധിക്കുള്ളിൽ നിരക്ക് ക്വോട്ട് ചെയ്തിട്ടില്ലെങ്കിലും അവർക്ക് അവരുടെ നിരക്ക് L1 നിരക്കിലേക്ക് താഴ്ത്തിക്കൊണ്ടു വന്ന് ആകെ ഓർഡറിന്റെ 50% വരെ വിതരണം ചെയ്യുന്നതിനുള്ള അവസരം ലഭിക്കുന്നതിന് അർഹതയുണ്ട്. ഈ സാഹചര്യത്തിൽ, അത്തരമൊരു ക്ഷണം സ്വീകരിച്ചാൽ

സംസ്ഥാന പൊതു മേഖലാ സ്ഥാപനത്തിനും പ്രാദേശിക എം.എസ്.എം.ഇ ക്കും ഒറ്റയ്ക്കോ, കൂട്ടായോ, അതത് സംഗതിപോലെ, ഓർഡർ നൽകുന്ന അളവിന്റെ 50% സപ്ലൈ ചെയ്യുന്നതിന് അനുമതി നൽകേണ്ടതാണ്. ഈ വിഭാഗത്തിൽ ഒന്നിലധികം സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ/പ്രാദേശിക എം.എസ്.എം.ഇ വേണ്ടർമാർ ഉണ്ടെങ്കിൽ അവർക്ക് ഈ 50% ഓർഡറിന്റെ തുല്യ അനുപാതങ്ങൾ നൽകേണ്ടതാണ്.

## 4. എം.എസ്.എം.ഇ വിതരണക്കാരെ രജിസ്റ്റേർഡ് വിതരണക്കാരായി രജിസ്റ്റർ ചെയ്യുന്നത് നിർത്തലാക്കി

- G.O(P)No.2/2019/SPD dated 24-01-2019

▪ എം.എസ്.എം.ഇ വിതരണക്കാരെ രജിസ്റ്റേർഡ് വിതരണക്കാരായി രജിസ്റ്റർ ചെയ്യുന്നത് സ്റ്റോർസ് പർച്ചേസ് വകുപ്പ് നിർത്തലാക്കിയിട്ടുണ്ട്. ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ ഉള്ള എം.എസ്.എം.ഇ കളിൽ നിന്നും സർക്കാർ വകുപ്പുകൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവയ്ക്ക് കിഴിവു നൽകേണ്ടതാണ്.

| |
|---|
| എം.എസ്.എം.ഇ കൾക്ക് വിവിധ ഇളവുകളും പ്രൈസ്-പർച്ചേസ് പ്രിഫറൻസുകളും നൽകുമ്പോൾ സ്ഥാപനങ്ങൾ എം.എസ്.എം.ഇ തന്നെയാണെന്നും ഹാജരാക്കുന്ന സാക്ഷ്യപത്രങ്ങൾ സാധുതയുള്ളതാണെന്നും പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള സംശയങ്ങൾ അതാത് ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും വ്യക്തത വരുത്താവുന്നതാണ്. കാലാകാലങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പർച്ചേസ് പോളിസിക്കനുസരിച്ചുള്ള വിജ്ഞാപനങ്ങളും ഭേദഗതികളും മനസ്സിലാക്കി യഥാർത്ഥത്തിൽ അർഹതയുള്ള സ്ഥാപനങ്ങൾക്ക് ആയതിന്റെ ഫലം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. |

# VIII

# എം.എസ്.എം.കളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വസ്തു നികുതിയും

## 1. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ എം.എസ്.എം.ഇ കെട്ടിടങ്ങളുടെ വസ്തു നികുതി

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമാണ് വിവിധ വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ വസ്തു നികുതി ഈടാക്കി വരുന്നത്. വിവിധ വിജ്ഞാപനങ്ങൾ പ്രകാരം ഒരോ വിഭാഗം കെട്ടിടത്തിനും നിർണ്ണയിക്കാവുന്ന കുറഞ്ഞതും കൂടിയതുമായ നിരക്ക് നിശ്ചയിച്ചു നൽകുന്നത് സർക്കാരാണ്. എം.എസ്.എം.ഇ ഡെവലപ്മെന്റ് ആക്റ്റ്, 2006 അനുസരിച്ചുള്ള വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്ക് എസ്.ആർ.ഒ നം.100/2015 (സ.ഉ(അ)നം.36/2015/തസ്വഭവ തിയതി 24-2-2015) പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് നിർണ്ണിയക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്ക് യഥാക്രമം 15 രൂപ, 25 രൂപ എന്നിങ്ങനെയായി നിശ്ചയിച്ചിട്ടുണ്ട്.

## 2. നഗരസഭാ പ്രദേശത്തെ എം.എസ്.എം.ഇ കെട്ടിടങ്ങളുടെ വസ്തു നികുതി

2011 ലെ കേരള മുനിസിപ്പാലിറ്റി(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമാണ് മുനസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിൽ വിവിധ വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് വസ്തു നികുതി ഈടാക്കി വരുന്നത്. സ.ഉ(അ)നം.82/2019/തസ്വഭവ തിയതി 18-11-2019 (എസ്.ആർ.ഒ നം.958/2019) പ്രകാരം പ്രകാരം എം.എസ്.എം.ഇ ഡെവലപ്മെന്റ് ആക്റ്റ്, 2006 അനുസരിച്ചുള്ള വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്ക് നഗരസഭകൾക്ക് നിശ്ചയിക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതിയുടെ നിരക്ക് താഴെ ചേർക്കുന്നു.

- മുനിസിപ്പാലിറ്റി: കുറഞ്ഞത് 30 രൂപ, കൂടിയത് 45 രൂപ
- കോർപ്പറേഷൻ: കുറഞ്ഞത് 40 രൂപ, കൂടിയത് 60 രൂപ

ഗ്രാമപഞ്ചായത്തുകളും നഗരസഭകളും എം.എസ്.എം.ഇ കൾക്ക് ഉചിതമായ വസ്തു നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് വസ്തു നികുതി നിർണ്ണയിക്കുന്നതാണ്. തദ്ദേശസ്ഥാപന പരിധിയിലെ എല്ലാ എം.എസ്.എം.ഇ കൾക്കും സർക്കാർ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് നിശ്ചയിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അത്തരം സ്ഥാപനങ്ങളുടെ വസ്തു നികുതി ചുമത്തുമ്പോൾ അവ എം.എസ്.എം.ഇ കൾ തന്നെയാണോ എന്ന് ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പോലുള്ള രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.



**നന്ദി ……**

വ്യവസായങ്ങളെക്കുറിച്ചുള്ള അനേകം സംശയങ്ങൾ തീർത്തു തരികയും ക്രിയാത്മക നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത എന്റെ പ്രിയ സുഹൃത്ത് വ്യവസായ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.എ.കെ.റഹ്മത്തലിക്ക് (9249396622) …………

കൈപ്പുസ്തകത്തിന്റെ കരട് വായിച്ച് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയ പ്രിയ സുഹൃത്ത് പഞ്ചായത്ത് സെക്രട്ടറി ശ്രീ.രാജേഷ് ടി. വർഗ്ഗീസ് സാറിന്….

**തയ്യാറാക്കിയത്**

**സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്**
**9447594110**
**cscholayilttm@gmail.com**

- *കൈപ്പുസ്തകത്തിലെ വിലയിരുത്തലുകളും അഭിപ്രായങ്ങളും തികച്ചും വ്യക്തി പരമായി കരുതേണ്ടതാണ്.*

**സ്വകാര്യ ഉപയോഗത്തിനായി തയ്യാറാക്കിയ കൈപ്പുസ്തകം-ഒന്നാം പതിപ്പ്**

തത്തമംഗലം, പാലക്കാട്,
24-07-2022

# കുറിപ്പ്